RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 11 ● ജൂലൈ 2026 ● വില: 18 രൂപ

വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

സദ്ഗുണങ്ങൾ
പ്രത്യേക പതിപ്പ്


LINEN PARK®
SHIRTS
by
RAMRAJ©
INTO
THE
LINEN
CRAFTED FOR THE MODERN VOYAGE

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

നമ്മുടെ കുട്ടികളെ മികവുറ്റ, ആർക്കും മാതൃകയാക്കാവുന്ന വിധം, സംസ്കാര സമ്പന്നരായി വളർത്തി നല്ല ഒരു ഭാവി തലമുറയെ സൃഷ്ടിക്കാൻ വഴികാട്ടുന്ന

സദ്ഗുണങ്ങൾ

പ്രത്യേക പതിപ്പ്

താങ്കൾക്കു
നൽകുന്നതിൽ
അഭിമാനമുണ്ട്

ആർജവത്തോടെ ജീവിക്കണം

പ്രിയരേ,

സംസ്കാരം തൊട്ടു തീണ്ടിയിട്ടില്ലെങ്കിൽ അറിവ് ആപത്തുകൾ വരുത്തി വയ്ക്കും. വിജയം, നന്മ, പ്രശസ്തി, മികവ് തുടങ്ങി മനുഷ്യർ വലിയ നേട്ടങ്ങളായികരുതുന്നഎല്ലാക്കാര്യങ്ങൾക്കുംഇത് ബാധകമാണ്. നല്ല സംസ്കാരം ഇല്ലാത്തവരിൽ ഈ സദ്ഗുണങ്ങൾ ഏതു ചേർന്നാലും അത് നല്ല ഫലങ്ങൾ ഉണ്ടാക്കില്ല.

ഒരു ക്രിക്കറ്റ് മത്സരത്തിൽ വിജയിച്ച ടീം മത്സരത്തിൽ തോറ്റ ടീമിന് കൈകൊടുക്കാൻ വിസമ്മതിച്ച് തങ്ങളുടെ വിജയം ഘോഷിച്ചു. കായികരംഗത്തെ തലമുതിർന്ന വ്യക്തികൾ സംസ്കാരശൂന്യമായ ഈ നടപടിയെ കർശനമായി വിമർശിച്ചു. ആ ടീമിന്റെ വിജയത്തിന്റെ പകിട്ട് ഇത് കുറച്ചതായി അവർ കുറ്റപ്പെടുത്തി.

സംസ്കാര ശൂന്യരായ വ്യക്തികളുടെ ധനം, മികവ്, അറിവ് തുടങ്ങിയവയ്ക്കെല്ലാം വില കുറവാണ്.അത് കൊണ്ടാണ് ഒരു കുട്ടിക്ക് മാതാപിതാക്കൾ നൽകുന്ന വിലയേറിയ സ്വത്ത് സദ് ഗുണങ്ങൾ ആണെന്നു മുതിർന്നവർ പറയുന്നത്. വിജയം കൈവരിക്കുന്ന കുട്ടികളേക്കാൾ നല്ല സംസ്കാരമുള്ള കുട്ടികളാണ് അച്ഛനമ്മമാർക്ക് പെരുമ നൽകുക. സംസ്കാരമുള്ള കുട്ടികളുള്ള മാതാപിതാക്കൾക്ക് ആയുഷ്കാലം സന്തോഷമുണ്ടാകും. വിജയം നേടുന്ന കുട്ടികൾ സന്തോഷത്തിൽ മാതാപിതാക്കളെ മറന്നെന്നു വരാം. എന്നാൽ സംസ്കാരമുള്ള കുട്ടികൾ കുടുംബത്തിനും സമൂഹത്തിനും എന്നും ഗുണം ചെയ്യും.

നമ്മുടെ വിദ്യാഭ്യാസത്തിലും ജീവിതത്തിലുംവിജയികളെ കരുപ്പിടിപ്പിക്കാനാണ് നാം പ്രധാനമായി ശ്രമിക്കുന്നത്. നമ്മെ ചുറ്റിയുള്ള എല്ലാംസ്നേഹത്തോടെനാംനോക്കണം. അതാണ് നല്ല സംസ്കാരം. കുട്ടികൾ ആയിരിക്കുമ്പോഴേ അവരുടെ മനസ്സിൽ ഈ ധാരണ രൂപപ്പെട്ടാൽ അത് ജീവിത കാലം മുഴുവൻ നിലനിൽക്കും.

ഗുജറാത്തിൽ ഒരു സ്കൂളിൽ പരീക്ഷ നടന്നപ്പോൾ കുട്ടികൾ എല്ലാവരും പാഠപുസ്തകം നോക്കി കോപ്പിയടിച്ചു. അധ്യാപകനും അത് കാണാത്ത മട്ടിൽ ഇരുന്നു. മോഹൻ ദാസ് കരം ചന്ദ് ഗാന്ധി എന്ന വിദ്യാർത്ഥി മാത്രം കോപ്പിയടിച്ചില്ല. അവനു കിട്ടിയത് കുറഞ്ഞ മാർക്കും. അധ്യാപകൻ അനുവദിച്ചിട്ടും കുട്ടി അതിനു തയാറായില്ല. സത്യസന്ധതയോടെ പരീക്ഷ എഴുതുന്നതിൽ ആ കുട്ടി സന്തോഷം കണ്ടെത്തി. പിൽക്കാലത്ത് മഹാത്മാ എന്ന പേരിൽ നാടിന്റെ മുഴുവൻ ആദരവ് നേടിയ നേതാവായി അദ്ദേഹം ഉയർന്നു. സദ്ഗുണങ്ങൾ ഉള്ള ഒരു വിദ്യാർത്ഥി നമ്മുടെ സമൂഹത്തിൽ എത്ര വലിയ മാറ്റങ്ങൾ ഉണ്ടാക്കും എന്നതിന് ഗാന്ധി ഒരു വലിയ ഉദാഹരണമാണ്.

ഗാന്ധി അഭിഭാഷകൻ ആയി ജോലി ചെയ്തു വന്ന ആളാണ്. ഒരു കേസിൽ രണ്ടു കക്ഷികൾ ഉണ്ടാകും. ഓരോ കക്ഷിയും തങ്ങളുടെ പക്ഷം ആണ് ന്യായം എന്നു പറഞ്ഞ് വാദിക്കും. തെളിവുകൾ ഹാജരാക്കും. ഇതിൽ ഒരു കക്ഷി ഇല്ലാത്ത തെളിവുകൾ വ്യാജമായി ഉണ്ടാക്കി കൊണ്ടു വരും. സത്യസന്ധമായി വാദിക്കുന്ന ഒരു വക്കീലിന് വക്കാലത്ത് തന്ന കക്ഷിക്ക് അനുകൂലമായി വാദിക്കണോ അതോ നീതിക്ക് ചേർന്ന വിധം സത്യസന്ധമായി വാദിക്കണോ എന്ന സന്ദേഹം ഉണ്ടാകും.

ദക്ഷിണാഫ്രിക്കയിൽ വക്കീലായി ജോലി ചെയ്തു വന്ന ഗാന്ധിക്ക് അങ്ങനെ ഒരു പ്രശ്നം ഉണ്ടായി. ഒരു സ്ഥാപനത്തിന്റെ കണക്കു സംബന്ധമായ കേസാണ് അത്. എതിർ കക്ഷികൾ ഗാന്ധിയുടെ കക്ഷി നൽകിയ കണക്ക് ഓഡിറ്റ് ചെയ്തു.ഇങ്ങനെ കണക്കു പരിശോധിക്കുമ്പോൾ ഗാന്ധിയുടെ കക്ഷിക്ക് ഗുണം ലഭിക്കുന്ന വിധം അവർ ഒരു തെറ്റ് വരുത്തി. അത് കാണാത്ത മട്ടു നടിച്ചാൽ തനിക്ക് വക്കാലത്തു നൽകിയ കക്ഷിക്ക് അനുകൂലമായി കേസ് തീരും. തെറ്റ് ചൂണ്ടിക്കാട്ടിയാൽ ചിലപ്പോൾ തന്റെ കക്ഷി തോറ്റു പോയെന്നും വരാം.

ആ സാഹചര്യത്തിലും ഗാന്ധിക്ക് എന്താണ് ചെയ്യേണ്ടതെന്നതിൽ ഒരു സന്ദേഹവുമുണ്ടായിരുന്നില്ല. എതിർകക്ഷി കാട്ടിയ അബദ്ധം ഗാന്ധി ചൂണ്ടിക്കാണിച്ചപ്പോൾ കേസ് കേട്ടു കൊണ്ടിരുന്ന ജഡ്ജിക്ക് ഗാന്ധിയോട് അനുകൂല

മനോഭാവം വന്നു. എതിർ കക്ഷികളും അദ്ദേഹത്തിന്റെ സത്യസന്ധതയെ അഭിനന്ദിച്ചു. ആ കേസിൽ തന്റെ കക്ഷിക്ക് പ്രശ്നം ആയി എങ്കിലും ഗാന്ധിയുടെ സത്യസന്ധതയിൽ ഉണ്ടായ മതിപ്പ് തന്റെ കക്ഷികൾക്ക് നല്ല വിധി നേടാൻ സഹായിച്ചു.

ഗാന്ധിജിയുടെഗുണവിശേഷങ്ങൾ കോടിക്കണക്കിന് ഇന്ത്യക്കാരെ വശീകരിച്ചു. വാക്കും പ്രവർത്തിയും തമ്മിൽ വ്യത്യാസം കാട്ടാത്ത ആ വ്യക്തിയുടെ ജീവിതം നൂറ്റാണ്ടുകൾ കഴിഞ്ഞാലും ജീവിക്കുന്ന ഇതിഹാസമായി നില കൊള്ളും.

ജീവിതകാലം മുഴുവൻ നമ്മുടെ പാരമ്പര്യ വസ്ത്രമായ മുണ്ട് ഉടുത്ത് അഹിംസ ആയുധമാക്കി മുന്നോട്ടു പോയ ഗാന്ധിജിയെ പറ്റി ഇടയ്ക്കിടെ വായിക്കും.അദ്ദേഹത്തിന്റെജീവിതവും എന്റെജീവിതത്തിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാകാൻ സഹായകമായി. നമ്മുടെ പാരമ്പര്യമായ വേഷ്ടി മറ്റുള്ളവർ ധരിക്കണം എന്ന് പ്രചാരണം നടത്തിയ ഞാൻ അതിനു ശേഷം എവിടെപ്പോയാലും വേഷ്ടി ധരിച്ചേ പോകൂ എന്ന് പ്രതിജ്ഞ എടുത്തു. ഗാന്ധി നൽകിയ ആവേശവും ആദർശവുമാണ് ഇതിനു പിന്നിൽ.

സത്യസന്ധമായിരിക്കുന്നതിൽ പ്രതിസന്ധികൾ തരണം ചെയ്യേണ്ടി വന്നാലും ആർജവത്തോടെ ജീവിക്കുന്നത് നൽകുന്ന ആഹ്ലാദം വലുതാണ്. രാംരാജ് കോട്ടൺ എപ്പോഴും സർക്കാരിനു നികുതി നൽകുന്നതിൽ ഒരു അലംഭാവവും വരുത്താറില്ല. ഇങ്ങനെ നികുതി കുറയ്ക്കാം, അങ്ങനെ നികുതി കുറയ്ക്കാം എന്നെല്ലാം പലരും പറയും. സർക്കാരിനു നികുതി നൽകാതെ ആ സമ്പത്തുമായി ഉറങ്ങാതെ കഴിയുന്നതിനേക്കാൾ നികുതി അടച്ചു സുഖമായി ഉറങ്ങുന്നതാണ് നല്ലത് എന്ന് ഞാൻ കരുതുന്നു.



ഉപഭോക്താക്കളോട് സത്യസന്ധമായി പെരുമാറണം, മേന്മയുള്ള വസ്തുക്കൾ നൽകണം എന്നീ സദ്ഗുണങ്ങൾ ആണ് രാംരാജ് കോട്ടൺ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് കാരണം. തന്നെയും സംസ്കാര സമ്പന്നനാക്കി കൂടെയുള്ളവരെയും നന്മയുള്ളവരാക്കി മാറ്റാൻ കഴിയുന്ന സദ്ഗുണങ്ങൾ നമ്മുടെ വളരുന്ന കുട്ടികളെ പഠിപ്പിക്കേണ്ടത് നമ്മുടെ കടമയാണ്.

ഗുരുകൃപ

എല്ലാവർക്കും സമസ്ത ഐശ്വര്യങ്ങളും
ആശംസിച്ചു കൊണ്ട്,

കെ ആർ നാഗരാജൻ,

സ്ഥാപകൻ,

രാംരാജ് കോട്ടൺ



The Culturepreneur

സദ്ഗുണങ്ങൾ നല്ല ഫലം സമ്മാനിക്കും

ഇടിയും മിന്നലുമായി തോരാതെ മഴ പെയ്ത ഒരു രാത്രി. 135 വർഷം മുമ്പുള്ള യു എസിലെ ഒരു ചെറിയ ഗ്രാമം. ഒരു വൃദ്ധ ദമ്പതികൾ തണുത്തു വിറച്ച് ഒരു ഹോട്ടലിലേക്ക് ചെന്നു. അവർ വന്ന കോച്ച് വണ്ടി പുറത്തു നിന്നു. വണ്ടിയിൽ വരുമ്പോഴേ അവർ പാതി നനഞ്ഞിരുന്നു. കണ്ടാൽ ധനികരാണ് അവരെന്ന് തോന്നും.

'ഞങ്ങൾനാട്ടിൽനിന്ന്വരികയാണ്.നാളെ രാവിലെ വരെ തങ്ങാൻ ഒരു മുറി കിട്ടുമോ' എന്ന് അവർ ചോദിച്ചു. മാനേജർ തെല്ലു വിഷമത്തോടെ പറഞ്ഞു,'ക്ഷമിക്കണം.എല്ലാ മുറിയിലും ഗസ്റ്റ് ഉണ്ട്.'

തങ്ങൾ വന്നത് വെറുതെയായല്ലോ എന്നോർത്ത് തിരികെ പോകാൻ ഒരുങ്ങുമ്പോൾ മാനേജർ അവരെ വിളിച്ചു പറഞ്ഞു, 'സാർ, താങ്കളെ തിരികെ അയക്കാൻ എനിക്ക് വിഷമമുണ്ട്. ഇവിടെ ഞാൻ കഴിയുന്ന ഒരു മുറി ഉണ്ട്. വലിയ സൗകര്യം ഇല്ല.അത് റെഡി ആക്കി തരാം. തൽക്കാലം അത് മതിയോ?'

ആ ദമ്പതികൾ മടിച്ചു. മാനേജർ വീണ്ടും അവരോടു പറഞ്ഞു, 'ഈ രാത്രിയിൽ, ഇത്ര വലിയ മഴ പെയ്യുമ്പോൾ മറ്റൊരു റൂം തേടിപ്പോകുന്നത് ബുദ്ധിമുട്ടാകും. ഇവിടെ ഒരു വലിയ സമ്മേളനം നടക്കുന്നത് മൂലം എല്ലാ ഹോട്ടലിലും മുറി നിറഞ്ഞിരിക്കും. താങ്കൾക്ക് ഇതിലും നല്ല ഇടം കിട്ടാൻ ഇടയില്ല. 'നിങ്ങളുടെ മുറി ഞങ്ങൾക്ക് നൽകിയാൽ നിങ്ങൾ എവിടെ കിടക്കും?' എന്ന് വൃദ്ധൻ ചോദിച്ചു. 'ഞാൻ ഈ റിസപ്ഷൻ സോഫയിൽ കിടക്കും,' അയാൾ മറുപടി പറഞ്ഞു. ധൃതിയിൽ മുറി വൃത്തിയാക്കി മാനേജർ അവർക്ക് നൽകി. അവിടെ ജോലി ചെയ്യുന്നവരോടും മാനേജർ നല്ല സ്നേഹത്തിലാണ് പെരുമാറുന്നത് എന്നതും വൃദ്ധൻ നിരീക്ഷിച്ചു.

അടുത്ത ദിവസം തിരികെ പോകുമ്പോൾ അയാളെ അടുത്തു വിളിച്ച് അയാളെപ്പറ്റി എല്ലാ കാര്യങ്ങളും വൃദ്ധൻ തിരക്കി. 'താങ്കൾ വലിയ ഒരു ഹോട്ടലിൽ മാനേജർ ആകേണ്ട ആളാണ്. ഒരു ദിവസം ഞാൻ അങ്ങനെ ഒരു ഹോട്ടൽ നിർമ്മിക്കും,' വൃദ്ധൻ പറഞ്ഞു. മാനേജർ പുഞ്ചിരിയോടെ അവരെ യാത്രയാക്കി. ആ സംഭവം അദ്ദേഹം മറക്കുകയും ചെയ്തു.

രണ്ടു വർഷങ്ങൾക്കു ശേഷം മാനേജർക്ക് ഒരു കത്ത് വന്നു. ആ വൃദ്ധൻ ആണ് അത് അയച്ചത്. കത്തിനൊപ്പം ന്യൂയോർക്കിൽ ചെല്ലാനുള്ള ഒരു ടിക്കറ്റും ഉണ്ടായിരുന്നു. ഉടനെ എത്തണം എന്നായിരുന്നു എഴുതിയിരുന്നത്.

ന്യൂയോർക്കിൽ എത്തിയ മാനേജരെ വൃദ്ധന്റെ ജോലിക്കാർ റെയിൽവേ സ്റ്റേഷനിൽ തന്നെ സ്വീകരിച്ചു വൃദ്ധന്റെ അടുത്ത് എത്തിച്ചു. ന്യൂയോർക്കിലെ പ്രധാന ഇടത്ത് 12 നിലകളിൽ ചുവപ്പ് കല്ലുകളാൽ നിർമ്മിക്കപ്പെട്ട ഒരു കെട്ടിടം വൃദ്ധൻ അയാളെ കാട്ടി. വാൾഡ്രോഫ് അസ്റ്റോറിയ ഹോട്ടൽ ആയിരുന്നു അത്. ഈ നാട്ടിലെ ഏറ്റവും വലിയ ഹോട്ടലാണ് ഇത് എന്ന് പറഞ്ഞ് അദ്ദേഹം

അയാൾക്ക് നിയമന ഉത്തരവ് നൽകി. അയാൾക്ക് അതെല്ലാം അവിശ്വസനീയമായി തോന്നി. ഇങ്ങനെയെല്ലാം നടക്കും എന്ന് കരുതിയല്ല ആ മാനേജർ വൃദ്ധനെ സഹായിച്ചത്. എങ്കിലും അത് മൂലം അയാൾക്ക് വലിയ ഉയർച്ച ലഭിച്ചു.

സദ്ഗുണങ്ങൾ ഇങ്ങനെയാണ് ഫലം നൽകുന്നത്. എത്ര തിരക്കു പിടിച്ച വ്യക്തിയാണെങ്കിലും ജീവിതത്തിൽ എത്ര പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിലുംഎത്ര മോശമായ ഇടത്തിലാണ് എങ്കിലും സദ്ഗുണങ്ങൾ നിങ്ങളുടെ കൂടപ്പിറപ്പായിരിക്കട്ടെ. എങ്ങനെ അത് നടപ്പാക്കാം?

• മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ കരുതുന്നുവോ അതേ പോലെ നിങ്ങളും അങ്ങോട്ട് പെരുമാറണം.

• ഞാൻ വലിയ ആൾ എന്ന് കാട്ടാൻ വേണ്ടി മറ്റുള്ളവരെ താഴ്ത്തിക്കെട്ടരുത്. ഒരു ജോലിയിൽ എല്ലാവരുടെയും പങ്കു മനസ്സിലാക്കി, മറക്കാതെ അവരോടു നന്ദി പ്രകാശിപ്പിക്കണം.

• കുടുംബത്തിലും ബന്ധുക്കൾക്കിടയിലുംസുഹൃദ്മധ്യത്തിലും ടീം ആയി ജോലി ചെയ്യുന്ന ഇടങ്ങളിലും യാതൊരു വളച്ചുകെട്ടുമില്ലാതെ സംസാരിക്കണം. നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമായി പറഞ്ഞാൽ കുഴപ്പങ്ങൾ ഉണ്ടാകില്ല.

• മറ്റുള്ളവരുടെ തെറ്റുകൾ കണ്ടുപിടിച്ച് അവരുടെ കുറവുകൾ വിളിച്ചു പറയുന്നതോ അവരെ കഠിനമായി മുറിവേൽപിക്കുന്നതോ ഉദ്ദേശിച്ച ഗുണം നൽകില്ല. അവ എങ്ങനെ നന്നായി ചെയ്യാനാകും എന്ന് കാണിച്ചു കൊടുക്കുക.

• ഉറ്റബന്ധങ്ങൾക്ക് ബഹുമാനം നൽകണം. അവശ്യമായ ഇടങ്ങളിൽ അവരുടെ വൈഭവത്തെ പുകഴ്ത്തി പറയുക. നിങ്ങളുടെ സമയവും പണവും സ്നേഹവും പുകഴ്ത്തലും ശക്തിയും ചിന്തയും അവശ്യമായ വ്യക്തികൾക്ക് സമ്മാനിക്കുക.

• ഓരോ ദിവസവും മന്ദഹാസത്തോടെ എതിരേൽക്കുക. പുഞ്ചിരിയോടെ എല്ലാവരെയും സ്വീകരിക്കുക. എല്ലാവർക്കും നിങ്ങൾ നൽകുന്ന സമ്മാനമാണ് ചിരി. ആരെയും നോക്കി പരിഹസിച്ചു ചിരിക്കരുത്.

• പ്രശ്നങ്ങളോ വീഴ്ചയോ ഉണ്ടായാൽ ഞാൻ ഒരിടത്തും ഗുണം പിടിക്കില്ല എന്നു കരുതി ഉത്സാഹം കളയരുത്. നിങ്ങളുടെ ബലഹീനതകൾ

മനസ്സിലാക്കി അവ പരിഹരിക്കണം. നിങ്ങളുടെ ജീവിതത്തെ അത് ബാധിക്കാൻ ഇടകൊടുക്കരുത്.

• നിങ്ങളുടെ വില നിങ്ങൾക്ക് മനസ്സില്ലായില്ലെങ്കിൽ മറ്റാരും അത് അറിയാൻ പോകുന്നില്ല. അതിനാൽ നിങ്ങളുടെ അധ്വാനത്തെ വില മതിക്കണം. നിങ്ങളെയും മറ്റുള്ളവരെയും കനിവോടെ വിമർശിക്കണം.

•മഹത്വമുള്ളഒരുപ്രവൃത്തിഎപ്പോഴുംചെയ്യണം. അത് ക്രമേണ നിങ്ങളുടെ അടയാളമായി മാറും. നിങ്ങളുടെ പ്രവർത്തനങ്ങളിൽ സത്യസന്ധതയും സുതാര്യതയും ഉണ്ടാകണം.

• ചിലർ നിങ്ങളോട് അനീതി കാട്ടാം. അനാവശ്യ സങ്കടങ്ങളിൽ തള്ളിയിടാം. 'എനിക്ക് മാത്രം എന്താണ് ഇങ്ങനെ നടക്കുന്നത്' എന്ന് വിഷമിക്കരുത്.അതിൽ നിന്ന് കരകയറണം.ആ ചുറ്റുപാടിൽ നിന്ന് ഉയിർത്തെഴുന്നേൽക്കണം

• തെറ്റ് ചെയ്താൽ, അതിന് മറ്റുള്ളവരെ പഴിക്കരുത്. ചുറ്റുപാടിനെ കുറ്റപ്പെടുത്തരുത്. ഖേദം പ്രകടിപ്പിച്ച ശേഷം, അത് നല്ല വിധത്തിൽ ചെയ്യാൻ വഴികൾ നോക്കണം. ആരോഗ്യകരമായ വിമർശനങ്ങളെതുറന്നമനസ്സോടെസ്വീകരിക്കണം.

• ആരെങ്കിലും നിങ്ങളെ അഭിനന്ദിക്കുമ്പോൾ നാണിക്കരുത്. നിങ്ങൾ ശരിയായ പാതയിൽ പോകുന്നു എന്നതിന്റെ അടയാളങ്ങൾ ആണ് അവ. അവ മനസ്സ് തുറന്നു സ്വീകരിക്കുക. ഉത്സാഹവും ആത്മവിശ്വാസവും അധികരിക്കും. ●

അതിരുകൾ വലുതാകട്ടെ

വിനോദത്തിനായി ഒരു യുവാവ് ആറ്റിൽ മീൻ പിടിക്കാൻ വന്നു. അവന്റെ ചൂണ്ടയിൽ വലിയ മീൻ കിട്ടിയാലതിനെ ആറ്റിൽ വിട്ടു കളയും. ചെറിയ മീനുകളെ പിടിച്ച് അവൻ ഒരു പാത്രത്തിൽ ഇടും. ഇത് കണ്ട ഒരു മത്സ്യതൊഴിലാളി എന്താണ് ഇങ്ങനെ ചെയ്യുന്നത് എന്ന് ആരാഞ്ഞു. 'എന്റെ വീട്ടിൽ മീൻ വറുക്കാനുള്ള പാത്രം ചെറുതാണ്. അതിൽ വലിയ മീനുകളെ വറുക്കാൻ പറ്റില്ല' യുവാവ് പറഞ്ഞു. 'മീനുകൾ മുറിച്ച് ചെറിയ കഷണങ്ങളാക്കി വറുത്തു കൂടേ' എന്ന് അയാൾ ചോദിച്ചപ്പോൾ ആ യുവാവ് മിഴിച്ചിരുന്നു.

ഏറെപ്പേരും ഇങ്ങനെയാണ് ചെറിയ ലക്ഷ്യങ്ങളാണ് അവർക്കുള്ളത്. സ്വപ്നങ്ങളും ചെറുതായിരിക്കും.അതിനാൽ വലിയ മീനു കൾ പാത്രത്തിൽ വീഴില്ല. നിങ്ങളുടെ ലക്ഷ്യങ്ങൾ വിശാലമാകട്ടെ!

സൂക്ഷ്മമായ ലക്ഷ്യം

യു എസിലെ ഒരു കമ്പ്യൂട്ടർ സ്ഥാപനം തങ്ങൾക്ക് ആവശ്യമുള്ള കമ്പ്യൂട്ടർ ഭാഗങ്ങൾ നിർമ്മിക്കാൻ ഒരു ജാപ്പനീസ് കമ്പനിയെ ഏൽപിച്ചു. കമ്പ്യൂട്ടർ ഭാഗങ്ങൾ തയാറാക്കുന്ന കമ്പനികൾ എത്ര മികവ് കാണിച്ചാലും, ചില ഭാഗങ്ങൾ തെറ്റായ അളവിലായിരിക്കും വരിക. ഇത് സ്ഥാപനങ്ങൾക്കും അറിയാം. അതിനാൽ പതിനായിരം ഭാഗങ്ങളിൽ മൂന്നെണ്ണത്തിൽ കൂടുതൽ ഭാഗങ്ങൾക്ക് അളവ് തെറ്ററുത് എന്ന് കമ്പനി നിബന്ധന വച്ചു.

ചില ദിവസങ്ങൾക്കു ശേഷം ജപ്പാനിൽ നിന്ന് കമ്പ്യൂട്ടർ ഭാഗങ്ങൾ വന്നു. എല്ലാം ഒരേ അളവിലാണ്. അതിനോടൊപ്പം ഒരു കത്തും വന്നു. 'നിങ്ങളുടെ വ്യാപാര രീതി ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. പതിനായിരം ഭാഗങ്ങൾ ശരിയായി തയാറാക്കി അയക്കുന്നു. അളവ് തെറ്റിയ മൂന്നു ഭാഗങ്ങൾ വേണമെന്നു പറഞ്ഞതിനാൽ കഷ്ടപ്പെട്ട് മൂന്നെണ്ണം ഉണ്ടാക്കി അയക്കുന്നു. അത് ഉപയോഗിക്കാനല്ല,' കത്തിൽ അവർ എഴുതി. ഒരു ന്യൂനതകളും ഇല്ലാതെ വസ്തുക്കൾ നിർമ്മിക്കുന്നവരും ഉണ്ട് എന്ന് അമേരിക്കൻ കമ്പനി മനസ്സിലാക്കി.



എന്തും മാറാം

ഒരു വ്യാപാരി ഉണ്ടായിരുന്നു. കടൽ കടന്നും തന്റെ ഉൽപന്നങ്ങൾ വിൽപനയ്ക്ക് അയക്കുന്ന വ്യാപാരി. അയാൾ നല്ല ലാഭം നേടി. ആഡംബരത്തിൽ ജീവിച്ചു. പെട്ടെന്ന് ഉണ്ടായ കൊടുങ്കാറ്റിൽ അയാളുടെ രണ്ടു കപ്പലുകളും തകർന്നു. എല്ലാം നഷ്ടപ്പെട്ട് തെരുവിലായി.

ആകെ നിരാശനായ അയാൾ എന്തു ചെയ്യണം എന്നറിയാതെ നിന്നു. അവസാനം ഒരു സന്ന്യാസിയെ കണ്ട് ഉപദേശം തേടി. എല്ലാ കാര്യങ്ങളും കേട്ട സന്ന്യാസി എന്തോ എഴുതി ഒരു കവറിൽ ഇട്ട് അയാളുടെ കൈയിൽ കൊടുത്തു. 'ഇത് വീട്ടിൽ ചെന്ന് തുറന്നു നോക്കണം' സന്ന്യാസി പറഞ്ഞു. വ്യാപാരി വീട്ടിൽ വന്ന് അത് തുറന്നു നോക്കി. 'ഇതും മാറും' എന്ന ഒറ്റ വാചകം ആണ് അതിൽ ഉണ്ടായിരുന്നത്. വ്യാപാരി ഉത്സാഹത്തോടെ പ്രവർത്തനങ്ങൾ തുടങ്ങി. കടം വാങ്ങി വ്യവസായത്തിന് മൂലധനം ഉണ്ടാക്കി. ബിസിനസ് വീണ്ടും ആരംഭിച്ചു.

ഒരു ദിവസം അദ്ദേഹം സന്ന്യാസിയെ കാണാൻ ചെന്ന് 'ഇന്ന് എന്റെ കൈവശം ഇല്ലാത്തത് ഒന്നുമില്ല. താങ്കൾക്ക് എന്ത് വേണമെങ്കിലം ചോദിച്ചോളൂ,' അയാൾ സന്ന്യാസിയോട് പറഞ്ഞു. സന്ന്യാസി ചിരിച്ചു കൊണ്ട് ഞാൻ നിനക്ക് ഒരു സമ്മാനം നൽകാം എന്ന് പറഞ്ഞു. 'എന്റെ കൈവശം എല്ലാം ഉണ്ടല്ലോ. പിന്നെ എന്താണ് താങ്കൾ നൽകാൻ പോകുന്നത്?' അദ്ദേഹം ചോദിച്ചു. പഴയ പോലെ ഒരു കവറിൽ എന്തോ എഴുതി അയാൾക്ക് കൊടുത്ത് വീട്ടിൽ പോയി അത് നോക്കാൻ പറഞ്ഞു. അതിലും 'ഇതും മാറും' എന്ന് എഴുതിയിരുന്നു.

വ്യാപാരിക്ക് മുമ്പ് ഉത്സാഹം നൽകിയ വാക്കുകൾ പേടിപ്പെടുത്തുന്നതായി. 'മാറ്റം ഒന്നാണ് മാറാത്തത്' എന്ന് വ്യാപാരിക്ക് മനസ്സിലായി, അഹങ്കാരം പോയി സദ്ഗുണങ്ങൾ തിരികെ വന്നു.



വേണ്ടെന്നു വച്ചു നേടൂ!

പ്രച്ഛന്ന വേഷത്തിൽ നാട് മുഴുവൻ ചുറ്റിവരികയായിരുന്നു ഒരു രാജാവ്. ഹൈവേയിൽ നിന്ന് അടുത്തുള്ള ഗ്രാമത്തിലേക്ക് പോയപ്പോൾ അദ്ദേഹത്തിന് കഠിനമായ വിശപ്പ് ഉണ്ടായി. ഒരു വീട്ടിൽ വഴിപോക്കൻ പോലെ അദ്ദേഹം ചെന്നു. അയാൾക്ക് വീട്ടുകാർ ഭക്ഷണം നൽകി.

ആ വീട്ടുകാർക്ക് രണ്ടു പശുക്കളുണ്ട്. അവ ചുരത്തുന്ന പാല് കൊണ്ടാണ് ആ കുടുംബം പുലരുന്നതെന്ന് അദ്ദേഹത്തിന് മനസ്സിലായി. വലിയ ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും സഹായിക്കാൻ സന്മനസ്സു കാട്ടിയ ആ കുടുംബത്തിന് എന്തെങ്കിലും ചെയ്യണമെന്ന് രാജാവ് തീരുമാനിച്ചു. പക്ഷേ എങ്ങനെ? ഗ്രാമത്തിൽ ഒരു സന്ന്യാസി ഉണ്ടെന്നു കേട്ട് രാജാവ് ഉപദേശം തേടി. 'ആ രണ്ടു പശുക്കളെ മോഷ്ടിക്കുക. അവ ഇല്ലാത്ത സാഹചര്യമാണ് യഥാർത്ഥ സഹായം' സന്ന്യാസി പറഞ്ഞു. 'അത് നന്ദികേടല്ലേ' രാജാവ് ചോദിച്ചു. 'ഞാൻ പറഞ്ഞത് ചെയ്യൂ' എന്ന് സന്ന്യാസി. രാജാവ് അനുസരിച്ചു.

ഒരു വർഷത്തിനു ശേഷം രാജാവ് തന്റെ പരിവാരങ്ങളുമായി നാട് കാണാൻ അവിടെ എത്തി. അദ്ദേഹത്തിന് ഭക്ഷണം നൽകിയ വീടിന്റെ സ്ഥാനത്തു ഒരു വലിയ കട ഉയർന്നിരിക്കുന്നു. അവിടെ എല്ലാ വസ്തുക്കളും ലഭിക്കും. അടുത്ത് ഒരു ഭക്ഷണ ശാലയും ഉണ്ട്. അതെല്ലാം ചെയ്യുന്നത് രാജാവിന് ഭക്ഷണം നൽകിയ അതേ വീട്ടുടമയാണ്. അരികിൽ വിളിച്ച് ഇതിനിടയിൽ എന്ത് സംഭവിച്ചു എന്ന് ആരാഞ്ഞു.

'രണ്ടു പശുക്കളുമായി കഷ്ടപ്പെട്ട് ജീവിക്കുകയായിരുന്നു ഞങ്ങൾ. രണ്ടു പശുക്കളെയും ആരോ മോഷ്ടിച്ചു. ജീവിക്കാൻ എന്തു ചെയ്യണം എന്ന വിഷമത്തിലായി. ഹൈവേ അടുത്താണ് നഗരം എന്നതിനാൽ ഒരു കടയും ഹോട്ടലും തുടങ്ങി. രണ്ടും വളർന്നു. ഇപ്പോൾ ഈ നാട്ടിലെ വലിയ ധനികനായി മാറി,' അയാൾ പറഞ്ഞു. സന്ന്യാസി പറഞ്ഞതിന്റെ അർത്ഥം അയാൾക്ക് മനസ്സിലായി.

ഈ പശുക്കൾ പോലെ പല തടസ്സങ്ങളാണ് പലരേയും മുന്നേറുന്നതിൽ നിന്ന് തടുക്കുന്നത്.

സദ്ഗുണങ്ങളുള്ള മനുഷ്യരുടെ അടയാളങ്ങൾ

സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞു കവിയുന്ന ഒരു രാജ്യം, അവിടത്തെ മഹാരാജാവ് തന്റെ രാജഗുരുവിനോട് എപ്പോഴും അതിയായ ബഹുമാനം പുലർത്തി. ഏതു വിഷയത്തിലും രാജഗുരുവിന്റെ വാക്കുകൾ അദ്ദേഹം വേദവാക്യമായി കണക്കാക്കും. ജനങ്ങളുടെ സമൃദ്ധിയും രാജവിന്റെ നന്മയും നോക്കിയേ രാജഗുരു ഏതു നിർദ്ദേശവും നൽകൂ.

ആ രാജഗുരു വാർധക്യ സഹജമായ രോഗങ്ങൾ മൂലം മരിച്ചു. അദ്ദേഹത്തിന്റെ സ്ഥാനത്ത് പുതിയ ഒരാളെ നിയമിക്കാൻ രാജാവ് തീരുമാനിച്ചു. തന്റെ ബുദ്ധിശാലികളായ മൂന്ന് മന്ത്രിമാരിൽ ഒരാൾ അതിനു യോഗ്യനാണെന്ന് രാജാവു കരുതി. മൂന്നു പേരിൽ ആരെ ആ സ്ഥാനത്തു നിയമിക്കണം എന്നതിൽ അദ്ദേഹത്തിനു ആശയ കുഴപ്പമായി. അതിനാൽ മൂന്ന് പേർക്കുമായി അദ്ദേഹം ഒരു മത്സരം നടത്തി.

അടുത്ത ദിവസം അദ്ദേഹം മൂന്നു പേരെയും വിളിച്ചു വരുത്തി 'മൃഗശാലയിൽ ധാരാളം മൃഗങ്ങളുടെ കുറവുണ്ട്. അതു കൊണ്ട് നിങ്ങൾ കാട്ടിൽ പോയി മൃഗങ്ങളുടെ കുഞ്ഞുങ്ങളെ പിടിച്ചു കൊണ്ടുവരണം' എന്ന് കൽപിച്ചു. 'ഒറ്റദിവസത്തിൽ ആരാണ് കുടുതൽ കുഞ്ഞുങ്ങളെ പിടിച്ചു കൊണ്ടു വരുന്നതെന്ന് നോക്കാം,' അദ്ദേഹം പറഞ്ഞു.

മൂന്നു മന്ത്രിമാരും വ്യത്യസ്ത കാടുകളിലേക്ക് പോയി. ആദ്യത്തെ മന്ത്രി അഞ്ച് ആനക്കുട്ടികളെയും രണ്ട് കരടി കുട്ടികളെയും പിടിച്ചു കൊണ്ടു വന്ന് രാജാവിനെ കാട്ടി. രണ്ടാമത്തെ മന്ത്രി 'കാട്ടിൽ ആർക്കും അത്രയെളുപ്പം പിടിക്കാൻ കഴിയാത്ത നാല് പുലിക്കുട്ടികളെ പിടിച്ചു കൊണ്ടു വന്നു' എന്ന് രാജാവിനെ അറിയിച്ചു. കൂടെ അയാൾ ധാരാളം മാൻകുട്ടികളെയും കൊണ്ടു വന്നിരുന്നു.

എല്ലാവരും മൂന്നാമത്തെ മന്ത്രിയെ കാത്തിരുന്നു. അദ്ദേഹം ഏറെ നേരം കഴിഞ്ഞ് വെറും കൈയോടെയാണ് വന്നത്. 'എന്ത് പറ്റി?' രാജാവ് ചോദിച്ചു. 'ഞാൻ കാട്ടിൽ പോയി. പക്ഷേ മൃഗങ്ങളുടെ ഒരു കുഞ്ഞിനെയും പിടിച്ചു കൊണ്ടു വരാൻ എനിക്ക് മനസ്സു വന്നില്ല. കുഞ്ഞു പ്രായത്തിൽ അവ അമ്മമാരെ പിരിഞ്ഞ് വല്ലാതെ വിഷമിക്കും. ഇങ്ങനെ അവരെ പിരിക്കുന്നത് നന്നായി തോന്നിയില്ല. അതിനാൽ തിരികെ പോന്നു,' മന്ത്രി പറഞ്ഞു. രാജാവ് തന്റെ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ് അയാളെ രാജഗുരുവിന്റെ സിംഹാസനത്തിലേക്ക് ആനയിച്ച് ഇരുത്തി. 'നാട്ടിലെ മൃഗങ്ങളോട് ഇത്ര സ്നേഹം കാട്ടുന്ന ഒരാൾ നാട്ടിലെ ജനങ്ങൾക്കും എനിക്കും നല്ല വഴികാട്ടിയാകും. അതിനാൽ താങ്കളെ ഞാൻ രാജഗുരുവായി നിയമിക്കുന്നു' എന്ന് പറഞ്ഞു.

സദ്ഗുണങ്ങൾ ഉള്ളവരെ ഇങ്ങനെ ചില അടയാളങ്ങൾ വഴി തിരിച്ചറിയാം.

● 'നിങ്ങൾ സുഖമായി ഇരിക്കുന്നു എന്ന് കരുതുന്നു' ഇങ്ങനെയാണ് പൊതുവേ സുഖാശംസകൾക്കുള്ള പതിവ് വാചകം. എന്നാൽ സദ്ഗുണങ്ങൾ ഉള്ള ആരും ഇങ്ങനെ സുഖം ആശംസിക്കില്ല.അവർ,'എങ്ങനെയുണ്ട്കാര്യങ്ങൾ? വീട്ടിൽ എല്ലാവർക്കും സുഖമാണോ?' എന്നിങ്ങനെ അതീവസ്നേഹത്തോടെയായിരിക്കും വിവരങ്ങൾ അന്വേഷിക്കുക. അവർ കണ്ണിൽ നോക്കി നിറഞ്ഞ മനസ്സോടെ സംസാരിക്കും.

● ചിരി ഹൃദയത്തിന്റെ പ്രതിഫലനം ആണെന്നാണ് പറയുന്നത്. നല്ല സംസ്കാരം ഉള്ള വ്യക്തികൾ തങ്ങൾ നല്ല സന്തോഷത്തോടെയാണ് കഴിയുന്നതെന്ന് യാതൊരു മറയുമില്ലാതെ പ്രദർശിപ്പിക്കും. മറ്റുള്ളവരെയും സന്തോഷഭരിതരാക്കാൻ അവർ ശ്രമിക്കും.

● ചിലരോട് കുറച്ചു സമയം സംസാരിച്ചാൽ മതി, 'ഇവരോട് എന്തും സംസാരിക്കാം, എപ്പോൾ വേണമെങ്കിലും ഇവരുടെ ഉപദേശം ചോദിക്കാം' എന്ന തോന്നൽ വരും. അത്തരത്തിൽ ഉള്ള കരുതൽ സദ്ഗുണങ്ങൾ ഉള്ള വ്യക്തികളിൽ നിന്ന് ലഭിക്കും.

● അവർ ദയാദാക്ഷിണ്യം ഉള്ളവരായിരിക്കും. അവരുടെ വാക്കിലും പ്രവർത്തിയിലും അഭിനയം തൊട്ടു തീണ്ടിയിട്ടുണ്ടാകില്ല. ഒരാൾ പ്രതിസന്ധിയിൽ കഴിയുമ്പോൾ അവർക്ക് തലചായ്ക്കാൻ തങ്ങളുടെ തോൾ ഉയർത്തിക്കൊടുത്ത് വിശ്വാസം നൽകും.

● ദുഃഖത്തിൽ കഴിയുമ്പോൾ അവർ ആശ്വാസ വാക്കുകൾ പറയും. എത്ര വിഷമകരമായ പ്രശ്നങ്ങളിൽ പെട്ട് ഉഴലുകയാണെങ്കിലും അയാൾ നിങ്ങളെ ഏതെങ്കിലും വിധത്തിൽ സഹായിക്കും എന്ന വിശ്വാസം ചുറ്റുമുള്ളവർക്ക് ഉണ്ടാകും.

● അവർ എല്ലാ ഇടത്തും എല്ലാ സമയത്തും ഒരേ പോലെ അചഞ്ചലരായിരിക്കും. സാഹചര്യത്തിന് അനുസൃതമായി അവർ അഭിപ്രായം മാറ്റില്ല.

● മറ്റുള്ളവരുടെ വിജയം അവർ സ്വന്തം വിജയമായി കാണും. അതിൽ അസൂയ എന്ന വികാരം ഉണ്ടാകില്ല. തങ്ങൾ ജയിച്ചത് പോലെയുള്ള സന്തോഷം അവർ പ്രകടിപ്പിക്കും.

● ഒരു ഉറപ്പു നൽകിയാൽ ഏതു സാഹചര്യത്തിലും അത് നിറവേറ്റാൻ ശ്രമിക്കും. അത് മറ്റുള്ളവർക്ക് ചെയ്യേണ്ട മര്യാദയായി അവർ കരുതും. മറ്റുള്ളവരുടെ സമയം, വികാരം, വാക്കുകൾ എന്നിവയെല്ലാം മാനിച്ചേ അവർ പ്രവർത്തിക്കൂ.

● മറ്റുള്ളവരിൽ നിന്ന് നേട്ടം കിട്ടുമെന്ന് കരുതി അവർ വ്യാജ പ്രശംസാവചനങ്ങൾ പറയില്ല. അവർ ആരെയെങ്കിലും പുകഴ്ത്തിയാൽ അതിനു നല്ല കാരണം ഉണ്ടായിരിക്കും. മറ്റുള്ളവരെപ്പറ്റിയുള്ള അവരുടെ വിമർശനങ്ങൾ സത്യസന്ധമായിരിക്കും.

● മറ്റുള്ളവർ എന്ത് കരുതുമെന്ന ഭീതി നല്ല സംസ്കാരമുള്ള വ്യക്തികളെ ബാധിക്കില്ല. അവർ തങ്ങൾ ആഗ്രഹിച്ച പോലെ ജീവിക്കും. തങ്ങൾ ശരി എന്ന് കരുതുന്ന കാര്യങ്ങൾ പുറത്തു പറയും.

● മറ്റുള്ളവർക്കായി തങ്ങളുടെ സമയം അവർ മാറ്റിവയ്ക്കും. ഉറ്റവർ കുഴപ്പത്തിൽ പെട്ടാൽ തന്റെ ജോലി പോലും മാറ്റി വച്ച് അവർക്ക് വേണ്ട സഹായം ഓടിയോടി ചെയ്യും.

● നല്ല സംസ്കാരമുള്ള മനുഷ്യർ തങ്ങളുടെ വികാരങ്ങളെ സ്വാഭാവികമായി പ്രകടിപ്പിക്കും. അവരുടെ ദേഷ്യത്തിൽ പോലും കരുതൽ ഉണ്ടാകും. അതിനാൽ അവരെ എല്ലാവർക്കും ഇഷ്ടമായിരിക്കും. ●

ജീവിതം മാറ്റുന്ന സദ്ഗുണങ്ങൾ

- ഓരോവാക്കും ഒരു താക്കോൽപോലെയാണ്. ശരിയായ താക്കോൽ ഉപയോഗിച്ചാൽ ഹൃദയങ്ങൾ തുറക്കാം; വായകൾ മൂടാം
- ഒരേ തീയിൽ ആരും രണ്ടു തവണ പൊള്ളൽ ഏൽക്കില്ല. ഒരേ തെറ്റ് ആരും വീണ്ടും ചെയ്യില്ല.
- കൊടുങ്കാറ്റ് കടന്നു പോകാൻ കാത്തു നിൽക്കുന്നതല്ല ജീവിതം എന്നറിയണം. കാറ്റിന്റെ ദിശയിൽ യാത്ര ചെയ്യാൻ പഠിക്കണം.
- എല്ലാവരോടും സത്യം ആണ് പറയുന്നതെങ്കിൽ ആരോടു എന്തു പറഞ്ഞ് എന്ന് ഓർത്ത് വയ്ക്കേണ്ടി വരില്ല.
- നിങ്ങളുടെ വാക്കുകളെ അവഗണിക്കുന്നവരോട് മൗനം പുലർത്തുക.
- നിങ്ങളുടെ മുറിവുകളെ അനുഭവ പാഠങ്ങളായി മാറ്റണം.ആ അനുഭവ ജ്ഞാനം നിങ്ങൾക്ക് ധാരാളം സ്വത്തുക്കൾ നൽകും.
- മറ്റുള്ളവർ നിങ്ങൾക്ക് കരുത്ത് പകരാം; കരുത്ത് ചോർത്താം. ഇടപഴകുന്ന വ്യക്തികളെ ആശ്രയിച്ചിരിക്കും ഇത്.
- നിങ്ങൾ ശാന്തത പുലർത്തിയാൽ ഏതു ഉപദേശവും കാതിൽ വീഴും.
- ഭയം താൽക്കാലിക വികാരമാണ്; വിഷമം നിരന്തരമാണ്. ഭയം കൊണ്ട് ഒരു കാര്യം ചെയ്യാതെ പോയാൽ അതിന്റെ വിഷമം ജീവിതകാലം മുഴുവൻ നിങ്ങളെ പിന്തുടരും.
- തെറ്റു പറ്റിയാലും വീണ്ടും ശ്രമിക്കണം. തളർന്നു പോയാലും ശ്രമം ഉപേക്ഷിക്കരുത്. ഭയം ഉണ്ടെങ്കിലും പ്രവർത്തനം തുടരണം. അതു ഗുണകരമായി മാറും.

എങ്ങനെ പറക്കുന്നു?

തേനീച്ചകളുടെ വിഭാഗത്തിൽ കരിവണ്ട് (Bumble Bee) എന്നൊരിനം ഉണ്ട്. ഉരുണ്ട അതിന്റെ മുഖവും ശരീരവും രോമം കൊണ്ടു മൂടിയിരിക്കും. ചിറകുകൾ വളരെ ചെറുതാണ്. ഗവേഷകർ കരിവണ്ടിനെ വിശദമായി പഠിച്ച് ഒരു കണ്ടെത്തൽ നടത്തി. ശരീര ഭാരവുമായി താരതമ്യം ചെയ്യുമ്പോൾ അതിന്റെ ചിറകുകളുടെ വലിപ്പം വളരെ ചെറുതാണ്. ആ ചെറിയ ചിറകുകളുമായി പറക്കാനേ കഴിയില്ല.എങ്കിലും അത് പറക്കുന്നു.

ഇത് എങ്ങനെ സാധിക്കുന്നു? ഒരു കാരണമേ അതിനുള്ളൂ. തനിക്കു പറക്കാൻ കഴിയില്ല എന്ന ശാസ്ത്ര സത്യം അതിന് അറിയില്ല. പലപ്പോഴും 'ഇത് നിനക്ക് കഴിയില്ല' , 'ഇത് നിനക്ക് ചെയ്യാൻ പറ്റില്ല' എന്നെല്ലാം പലരും പറയും. അതു കേട്ട് അതിരുകൾ നിർണയിക്കാതെ മുന്നോട്ടു കുതിക്കണം. അതാണ് നല്ല ഗുണം.

അനായാസമല്ല ഒരു വിജയവും

ഒരു പ്രമുഖ നടൻ താൻ വീട്ടിൽ എത്ര സൗകര്യങ്ങളോടെയാണ് കഴിയുന്നതെന്ന് ടെലിവിഷനിൽ വിശദമായി പറയുകയുണ്ടായി. അത് കണ്ടുകൊണ്ടിരുന്ന ഒരു കുട്ടി ആരാണ് അദ്ദേഹം എന്ന് മുത്തശ്ശനോടു ചോദിച്ചു. ആ നടനുള്ള ആരാധകരെപ്പറ്റിയും അദ്ദേഹത്തിന്റെ വരുമാനത്തെപ്പറ്റിയും മുത്തശ്ശൻ പേർക്കിടാവിനോടു പറഞ്ഞു. അപ്പോൾ ആ കുട്ടി ചോദിച്ചു, 'മുത്തശ്ശാ, എനിക്കും വളർന്നു വലുതാകുമ്പോൾ വലിയ നടൻ ആകണം. വലിയ ബംഗ്ലാവ് കെട്ടിക്കഴിയണം.ഒട്ടേറെ കാറുകൾ വാങ്ങണം. അതിന് എന്തു ചെയ്യണം?'

മുത്തശ്ശൻ മറുപടി പറയാതെ ചിരിച്ചു കൊണ്ട് പേരക്കിടാവുമായി പൂന്തോട്ടത്തിലേക്ക് പോയി. അവിടെഒരുചെടിച്ചട്ടിയിൽവളർന്നുനിൽക്കുന്നപൂവിൽ ഒരു ചിത്രശലഭം ഇരുന്നിരുന്നു. അത് പേരക്കുട്ടിയെ കാട്ടിയെ ശേഷം, 'അത് എത്ര സുന്ദരമാണ്. അതിനെ പിടിച്ചു കൊണ്ടു വാ' എന്ന് ആവശ്യപ്പെട്ടു.

കുട്ടി അതിനെ പിടിക്കാൻ ഓടി. അവൻ പിടിച്ചു പിടിച്ചില്ല എന്നായപ്പോൾ അത് ഉയർന്നു പറന്നു. അവൻ വീണ്ടും ഓടിയപ്പോൾ അത് വീണ്ടും പറന്നുയർന്നു. ഇങ്ങനെ നീണ്ട നേരം അവൻ പൂമ്പാറ്റയുടെ പിന്നാലെ ഓടി. പക്ഷെ അത് എങ്ങോ പറന്നു പോയി.

അവസാനം, വല്ലാതെ കിതച്ചു കൊണ്ട്, 'എനിക്ക് അതിനെ പിടിക്കാൻ പറ്റുന്നില്ല' എന്ന് പറഞ്ഞു.

അവനെ ആലിംഗനം ചെയ്തു കൊണ്ട് മുത്തശ്ശൻ പറഞ്ഞു, 'നിനക്ക് ഒരു പാഠം ഞാൻ പറഞ്ഞു തരാം. പൂമ്പാറ്റയെ പിടിക്കാൻ ഓടിയാൽ അത് പറന്നു കൊണ്ടിരിക്കും. എന്നാൽ നീ ഒരു നല്ല പൂന്തോട്ടം ഉണ്ടാക്കിയാൽ അത് താനേ അങ്ങോട്ട് വരും. പൂമ്പാറ്റയെ പോലെയാണ് നിന്റെ ലക്ഷ്യങ്ങളും. ധൃതിപിടിച്ച് അത് ചെയ് താൽ നിനക്ക് അത് കരഗതമാകില്ല. മനോഹരമായ ഒരു തോട്ടം ഉണ്ടാക്കുന്നതു പോലെ,നിന്റെ കഴിവുകൾ വളർത്തി നിന്റെ ഗുണഗണങ്ങൾ പരിപോഷിപ്പിക്കുക. അറിവും അനുഭവവും ആ തോട്ടത്തിന്റെ വിളവുകളാകണം.ഇത് ചെയ്താൽ വിജയവും പണവും ബഹുമാനവും ലഭിക്കും.'

കുട്ടിക്ക് കാര്യം മനസ്സിലായി.

മികവ് കൊണ്ട് മറുപടി നൽകണം

ബ്രിട്ടനിലെ അതിപ്രശസ്തമായ ടി വി ഷോയിലെ മത്സരത്തിൽ പന്ത്രണ്ടാം വയസ്സിൽ ഗെയിൽ ടോംലിൻസൻ പങ്കെടുത്തു. മത്സരത്തിൽ ജഡ്ജി ആയി വന്ന ഒരാൾ ടോംലിൻസനെ ശക്തമായി വിമർശിച്ചു. 'നിന്റെ സ്വരവും ശരിയല്ല. പാടാനും അറിയില്ല. നീയെല്ലാം എന്തിനാണ് ഈ മത്സരത്തിൽ പങ്കെടുക്കുന്നത്?' നെഞ്ചിൽ തറയ്ക്കുന്നതായിരുന്നു ആ വിമർശനം.

അടുത്ത രണ്ടു വർഷങ്ങൾ അവൻ തീവ്രമായി പരിശീലിച്ചു.പതിനാലാമത്തെ വയസ്സിൽ അവൻ വീണ്ടും മത്സരത്തിൽ പങ്കെടുത്തപ്പോൾ അതേ ആൾ തന്നെയാണ് ജഡ്ജി. പാടുന്നതിനു മുമ്പ് തനിക്കുണ്ടായ അപമാനത്തെ പറ്റി അവൻ പറഞ്ഞു. അത് തന്നെ ഒരു നല്ല ഗായകനായി മാറ്റിയെന്നും. തുടർന്ന് പാട്ട് തുടങ്ങി.

അയാളുടെ ഹൃദയത്തിൽ നിന്നുയർന്ന പാട്ടു കേട്ട് സദസ്സ് ആരവത്തോടെ കൈയടിച്ചു.ആ മത്സരത്തിൽ ഒരാളെ ജഡ്ജിക്ക് നേരിട്ട് ഫൈനൽ മത്സരത്തിലേക്ക് അയക്കാൻ പറ്റും. താൻ ചെയ്ത അബദ്ധം മനസ്സിലോർത്ത ജഡ്ജി അവനെ അങ്ങനെ നേരിട്ട് ഫൈനലിന് നിർദ്ദേശിച്ചു. തന്റെ വീഴ്ചയ്ക്ക് അവനോട് മാപ്പും ചോദിച്ചു.

നല്ലസംസ്കാരമുള്ളവർപ്രതികാരംചെയ്യുന്നത് തങ്ങളെ വെറുക്കുന്നവരുടെയും മനസ്സ് മാറ്റി തങ്ങളെ സ്നേഹിക്കുന്നവരാക്കിക്കൊണ്ടാണ്.



സൗഖ്യം നൽകുന്ന സദ്ഗുണങ്ങൾ

- മിതവ്യയം, ചിന്ത, നവീകരണം, അത്യാഗ്രഹം ബാധിക്കാത്ത മനസ്സ് എന്നിവ ചേരുമ്പോൾ ശാന്തത കൈവരുന്നു.
- ശാന്തത നേടാൻ ക്ഷമ, സഹനശേഷി, വിട്ടുവീഴ്ച എന്നിവ മൂന്നും ആവശ്യമാണ്.
- നന്മയും തിന്മയും വിജയവും പരാജയവും നമ്മുടെ ചിന്തകളിലാണ്. സന്തോഷമോ ദുഃഖമോ ചിന്തയ്ക്കപ്പുറമില്ല. ചിന്തയുടെ കുറവ് നിങ്ങളുടെ കുറവാണ്. ചിന്തയുടെ ഉയർച്ച നിങ്ങളുടെ ഉയർച്ചയാണ്. ചിന്തയ്ക്ക് ഔന്നത്യം നൽകി, നിങ്ങൾക്കും ലോകത്തിനും ഔന്നത്യം നൽകാൻ ശ്രമിക്കുക.
- ഒഴിവാക്കേണ്ടവയെ ഒഴിവാക്കുകയാണെങ്കിൽ, നേടേണ്ടതെല്ലാം അവിടെത്തന്നെ ലഭ്യമാണെന്ന് മനസ്സിലാകും. സത്യം നമ്മെ മാറ്റുമെന്നല്ലാതെ, സത്യത്തെ നമുക്ക് ഒരിക്കലും മാറ്റാൻ കഴിയില്ല.
- ഒരു മനുഷ്യൻ എത്ര അറിഞ്ഞിരിക്കുന്നു എന്നതിലല്ല പ്രശസ്തി. സമൂഹത്തിനുവേണ്ടി എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നതിലാണ് പ്രശസ്തിയിരിക്കുന്നത്. ആ സത്കർമ്മത്തിന്റെ ഫലമായി പ്രയോജനം നേടുന്ന ആളുകൾ നൽകുന്ന ആദരവാണ് പ്രശസ്തി.
- നിങ്ങൾക്കും നാടിനും നല്ലതിനായി, ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും നിങ്ങളുടെ കടമയാണ്. കുറ്റം പറയൽ, കൽപിക്കൽ, നിർബന്ധിക്കൽ എന്നീ മൂന്നു കാര്യങ്ങളും ഒഴിവാക്കുകയാണെങ്കിൽ നമ്മൾ എല്ലാവർക്കും പ്രിയപെട്ടവരാകും. ലോകം സൗഹൃദത്തിൽ പെരുമാറും. ആ രീതിയിൽ നമ്മെ മാറ്റിയെടുത്താൽ മാത്രമേ ശാന്തത വരികയുള്ളൂ. മറ്റെങ്ങും ശാന്തത നേടാൻ കഴിയില്ല.
- അറിവിനെ വികാരം കീഴടക്കുന്നത് സ്വാഭാവികമാണ്. അറിവുകൊണ്ട് വികാരത്തെ കീഴടക്കുന്നത് ഔന്നത്യമാണ്.
- കോപവും വിഷാദവും അത്യാഗ്രഹവും

വേദാദ്രി മഹർഷിയുടെ വചനങ്ങൾ

ജീവിതത്തിനു നന്മ തരുന്ന വഴികളെ അടയ്ക്കും. ദാരിദ്ര്യം മൂന്നു വഴികളിൽ ഉണ്ടാകാം. ജീവിതത്തിൽ ഉള്ള സൗകര്യങ്ങൾ ചീത്ത വഴികളിൽ നശിപ്പിക്കാതെയും മടി പിടിച്ചിരിക്കാതെയും അധ്വാനിക്കാതെ മറ്റുള്ളവരുടെ സ്വത്ത് അന്യായമായി കരസ്ഥമാക്കാതെയും ഇരുന്നാൽ സന്തുഷ്ടരായി എല്ലാവർക്കും കഴിയാനാകും

- ഈശ്വരനെ അറിയുന്നവർ, ഈശ്വരനെ അന്വേഷിക്കുന്നവർ, ഈശ്വരനെ കണ്ടെത്തിയവർ ഉത്തരവാദിത്തത്തോടെ കർമ്മങ്ങളിൽ മുഴുകുന്നു.
- അതിരുകളില്ലാത്ത ദൈവീകാവസ്ഥ പോലെ, അതിരുകളില്ലാത്ത ദൈവീക ഗുണമാണ് ക്ഷമ..
- ശരീരവും ജീവനും ജ്ഞാനവും നിങ്ങൾക്ക് സ്വന്തമല്ല. നിങ്ങളുടെ ഉയിരും ശരീരവും അനുഭവങ്ങൾ വഴി നേടുന്ന ജ്ഞാനവും ഈശ്വരനാൽ മാത്രമാണ് നിങ്ങൾക്ക് ലഭിക്കുന്നത്. നിങ്ങളാൽ ഒന്നും സൃഷ്ടിക്കപ്പെടുന്നില്ല എന്നറിഞ്ഞ് എല്ലാം വിട്ടുകൊടുക്കുക.
- വാക്കും ചിന്തയും പ്രവർത്തിയും മൂലം എല്ലാവർക്കും നന്മ ചെയ്യുന്ന വ്യക്തിയായിരിക്കുക
- അഹങ്കാരം, കോപം, സ്വാർത്ഥത, ധർമ്മം ചെയ്യാതിരിക്കൽ, ദ്രോഹം ചെയ്യൽ എന്നിവ ഒഴിവാക്കിയാൽ ആയുസ്സ് വർധിക്കും.
- ശാന്തി എന്നത് വളരെ അഗാധമായ അർത്ഥതലങ്ങൾ ഉള്ള വാക്കാണ്. സുഖം, ദുഃഖം എന്നിങ്ങനെ രണ്ടു വികാരങ്ങൾ മാത്രമേ പലർക്കും അറിയൂ. സുഖത്തിനും ദുഃഖത്തിനും ഇടയിലുള്ള അവസ്ഥയാണ് ശാന്തി. ആ ശാന്തത നാം എത്ര ശക്തിപ്പെടുത്തുന്നുവോ അവിടെയാണ് അറിവ് ഉയരാനുള്ള വഴി ഉള്ളത്.
- ഓരോ പ്രവർത്തിക്കും ഒരു ഫലമുണ്ട്. ആ ഫലത്തിൽ നിന്ന് ആർക്കും രക്ഷപ്പെടാനാവില്ല. ഓരോരുത്തരും തനിക്കോ മറ്റുള്ളവർക്കോ ഇപ്പോഴേ പിന്നിടോ ശരീരത്തിനോ ജീവനോ ഹാനി വരുത്താതെ ജീവിക്കണം. അപ്പോൾ സമാധാനവും സന്തോഷവും ഉണ്ടാകും. അറിവ് വർധിക്കാനും അത് വഴി തെളിക്കും. വിട്ടുകൊടുത്ത് മറ്റുള്ളവർക്കായി ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതവും സഫലമാകുന്നത്.
- നല്ല ജാഗ്രതയോടെയും മികവുറ്റ ചിന്തകളോടെയും സ്വയം നവീകരിച്ച് നമ്മുടെ ജീവിതം നയിക്കണം. ഇങ്ങനെ കുടുംബത്തിൽ ഒരാൾ മാത്രം ഇരുന്നാൽ പോരാ. അപ്പോഴേ കുടുംബത്തിൽ ശാന്തിയും സമാധാനവും പുലരൂ.
- പത്തു രൂപ നോട്ടും നൂറു രൂപ നോട്ടും കടലാസാണ്. എന്നാൽ വില വ്യത്യസ്തമാണ്. അതേ പോലെ ഓരോ വസ്തുവിനും ഒരു വിലയുണ്ട്. ആവശ്യം അനുസരിച്ചാണ് വസ്തുവിന്റെ വില കൂടുന്നതും കുറയുന്നതും. അത് എത്രയോ പേരുടെ അധ്വാനം കൊണ്ട് ഉണ്ടായതാണ് എന്ന നിലയ്ക്ക് അതിന്റെ വില ഇനിയും ഉയരും. വസ്തു നിങ്ങളുടെതാണ് എന്ന കാരണത്താൽ വില ഉയരാൻ പോകുന്നില്ല.
- നമ്മുടെ ആരോഗ്യം രോഗങ്ങളാൽ ബാധിക്കപ്പെട്ടാലും അത് സ്വയം ഭേദപ്പെടാനുള്ള ശേഷി നമ്മുടെ ശരീരത്തിന് സ്വാഭാവികമായി ഉണ്ട്. എന്നാൽ നാം അത് അറിയുന്നില്ല.
- ചീത്ത ചിന്തകളെ ഭയപ്പെടണം. അതിന് മനസ്സിൽ ഒരിക്കലും ഇടം കൊടുക്കരുത്. നല്ല ചിന്തകൾക്ക് മാത്രം മനസ്സിൽ ഇടം നൽകുക. അങ്ങനെ ചെയ്താൽ ചീത്ത ചിന്തകൾ വരില്ല. ജീവിതത്തിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രശ്നങ്ങളെ നേരിടാനുള്ള കാഴ്ചപ്പാടായും അത് മാറാം. ജീവിത മുന്നേറ്റത്തിനായുള്ള ഒരു നല്ല മാർഗവും ആകാം അത്
- മനുഷ്യൻ മരിക്കുമ്പോൾ ഒന്നും കൊണ്ടുപോകുന്നില്ല. എന്നാലും ഇനിയെന്ത് നടക്കും എന്നാലോചിക്കുമ്പോഴാണ് താൻ ചെയ്ത പ്രവർത്തികൾ, താൻ പഠിച്ച അറിവ്, എല്ലാം തന്റെ കാഴ്ചയായി, അറിവ് പരംപൊരുളിന് സമർപ്പിച്ചു വിജയകരമായി കഴിയാനാകുക.
- ദേഷ്യവും ഭയവുമാണ് ഒരാളുടെ ജീവിതത്തെ നാശത്തിലാഴ്ത്തുന്ന ആന്തര തീ.
- ഭ്രൂണം വളരുമ്പോൾ അത് ഗർഭപാത്രം വിട്ട് ലോകത്തിലേക്ക് കടന്നു വരുന്നു. ഇത് പോലെ അറിവ് വർധിക്കും തോറും അത് പ്രവർത്തിയാക്കി മാറ്റാനുള്ള സാധ്യതകളും വളരും.
- ലോകം ആഗ്രഹിക്കുന്നതെല്ലാം, സമൂഹം ആവശ്യപ്പെടുന്നതെല്ലാം നൽകാൻ കഴിയില്ല. നമുക്ക് സാധ്യമാകുന്ന വിധം ഓരോന്ന് ചെയ്യുമ്പോഴാണ് മനനിറവ് ഉണ്ടാകുന്നത്. ●

ജീവിത വിജയം നൽകുന്ന സദ്ഗുണങ്ങൾ

ആദ്യമായി ജോലിയിൽ പ്രവേശിച്ച ഒരു യുവാവും ആദ്യമായി ഒരു വ്യവസായം തുടങ്ങിയ അവന്റെ സുഹൃത്തും ചേർന്ന് ഒരു സന്ന്യസിയെ സന്ദർശിച്ചു. 'ഞങ്ങളുടെ ജോലിയിലും വ്യവസായത്തിലും വിജയം കൈവരിക്കാനുള്ള മാർഗങ്ങൾ പറഞ്ഞു തരണം സ്വാമി,' അവർ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു.ഫുട്ബോളും ബലൂണും ചേർത്ത് ഒരു കഥ അദ്ദേഹം പറഞ്ഞു.

'ഈ ബലൂൺ നമുക്ക് അത് അനായാസം ഊതി വലുതാക്കാം. കാറ്റ് ഊതിക്കൊടുത്താൽ മതി. എന്നാൽ അത്ബലൂണിന്റെ യഥാർത്ഥ രൂപമല്ല. നമ്മുടെ ഉള്ളം കൈയിൽ ഒതുങ്ങുന്ന ഒന്നാണ് അത്. ഊതിവീർപ്പിച്ചാൽ രണ്ടു കൈയിലും നിൽക്കില്ല.

ചെറിയ പ്രായത്തിൽ ഈഗോക്ക് പ്രാധാന്യം കൊടുത്താൽ അതായിരിക്കും ഫലം. നമ്മുടെ യഥാർത്ഥ സിദ്ധികളെ മറന്ന് നമുക്ക് എന്തോ അസുലഭ സിദ്ധി ഉണ്ടെന്ന് സ്വയം സങ്കൽപ്പിക്കും. നമ്മുടെ യഥാർത്ഥ വില അറിയാതെ ഏതേതോ പ്രവർത്തികൾ ചെയ്ത് എല്ലാക്കാര്യങ്ങളിലും നാം പ്രശ്നങ്ങളിലും പോരാട്ടങ്ങളിലും ചെന്ന് പെടും.

നമ്മെ ചുറ്റിയിരിക്കുന്ന മനുഷരും വെറുതെ ഇരിക്കില്ല. ചെറിയ സൂചി കൊണ്ട് ബലൂണിൽ കുത്തിയാൽ അതു കാറ്റുപോയി നിലം പതിക്കും. ഇങ്ങനെ എന്തെങ്കിലും ചെയ്ത് നമ്മെ അവർ ചെറുതാക്കും. നമുക്ക് അതോടെ എല്ലാക്കാര്യത്തിലും വിരക്തിയാകും. നമുക്ക് ഒരു കഴിവും ഇല്ല എന്ന് സ്വയം തോന്നും.

തോൽവിയാകും നമ്മുടെ മുഖമുദ്ര.

എന്നാൽ ഒരു ഫുട്ബോളിൽ കാറ്റ് നിറയ്ക്കാൻ എളുപ്പമല്ല. അതിൽ കാറ്റ് കൂടുതലടിക്കാനും പറ്റില്ല. എത്ര ചവിട്ടു കൊണ്ടാലും അത് ഉരുളും. അതിനെ നന്നായി വിനിയോഗിക്കുന്നവരുടെ പക്കൽ കിട്ടിയാൽ അത് വലിയ വിജയം തരും. എപ്പോഴും നിങ്ങൾ നിങ്ങളുടെ ആഗ്രഹത്തെ പിന്തുടരുക. വിജയത്തെ പറ്റി ചിന്തിക്കുക. അതിനായുള്ള കഴിവുകൾ വളർത്തുക' സന്ന്യാസി പറഞ്ഞു.

ഈ സന്ന്യാസി പറഞ്ഞതു പോലെ നമ്മുടെ കഴിവുകൾ വളർത്തി വിജയിക്കാനുള്ള വഴികൾ ഏതൊക്കെയാണ്?

വേഗത്തിൽ പഠിക്കണം

നിങ്ങൾ ഏതു മേഖലയിലാണെങ്കിലും അതുമായി ബന്ധപ്പെട്ട എല്ലാ പുതിയ കാര്യങ്ങളും പഠിക്കണം. പുസ്തകങ്ങളിലും ഇന്റർനെറ്റിലും അത് സംബന്ധമായ വിഷയങ്ങൾ തെരഞ്ഞു കണ്ടുപിടിച്ച് നിങ്ങളെ നവീകരിക്കണം. നിങ്ങളുടെ മേഖയ്ക്കും അപ്പുറം 'ഇന്ന് പഠിക്കേണ്ട വിഷയം' എന്ന് എതെങ്കിലും പുതുതായി പഠിക്കാൻ ഉണ്ടാകണം. നിങ്ങൾ പഠിക്കുന്ന വിഷയങ്ങൾ നിങ്ങളുടെ വാക്കിലും എഴുത്തിലും ഉപയോഗപ്പെടുത്തണം.

ഭാവന ഉണ്ടാകണം

നിങ്ങളുടെ ജീവിതത്തിലെ ഓരോ വിഷയങ്ങളെ പ്പറ്റിയും മധുരമുള്ള മൂർത്തമായ സ്വപ്നങ്ങൾ കാണണം. ഏതു പ്രവൃത്തി ആയാലും അതുമായി ബന്ധപ്പെട്ട് നിങ്ങളുടെ മുന്നിലുള്ള സാധ്യതകൾ ഓരോന്നും ആലോചിച്ചു നോക്കണം. അവ വ്യത്യസ്ത വഴികളിൽ ചെയ്താൽ ഉണ്ടാകുന്ന ഫലങ്ങൾ എന്തെല്ലാമാണെന്ന് ഭാവന ചെയ്തു നോക്കണം. ഏതാണോ ഏറ്റവും നന്നായിരിക്കുന്നത് അത് ചെയ്യുക. ഇത് നിങ്ങളുടെ മുന്നിൽ പുതിയ വഴികൾ തുറക്കും.

മുൻഗണന നിശ്ചയിക്കണം

ഓരോ ദിവസവും രാവിലെ ഇന്ന് എന്താണ് പ്രധാനമായി ചെയ്യേണ്ടത്, ഏത് ആദ്യം ചെയ്യണം എന്നിങ്ങനെയുള്ള മുൻഗണനാ പട്ടിക തയാറാക്കണം. ഓരോന്നും ചെയ്തു തീർക്കേണ്ട സമയവും മനസ്സിൽ രേഖപ്പെടുത്തണം. ഇതിനാൽ പെട്ടെന്ന് ജോലി തീർക്കാൻ കഴിയും. വലിയ ജോലികളും ഉണ്ടാകും ചെറുതും ഉണ്ടാകും.

പഠിക്കേണ്ട കാര്യങ്ങളും ഉണ്ടാകും ഏതാണ് മുഖ്യം എന്ന് തീരുമാനിച്ച് പ്രവർത്തിക്കുക.

സാമ്പത്തിക മാനേജ്മെന്റ് സുപ്രധാനം

ചെറിയ പ്രായത്തിൽ തന്നെ പണത്തിന്റെ വില മനസ്സിലാക്കണം.സമ്പാദിക്കുന്നതിലും ചെലവാക്കുന്നതിലും ഈ അറിവ് ഉപയോഗപ്പെടുത്തണം. ആവശ്യമുള്ള കാര്യങ്ങൾക്ക്മാത്രമേപണംചെലവഴിക്കാവൂഎന്ന കാര്യംപഠിച്ചാൽ തനിയെ സമ്പാദ്യശീലമുണ്ടാകും

അതിരാവിലെ എഴുന്നേൽക്കണം

രാവിലെ നിങ്ങൾ പതിവായി എഴുന്നേൽക്കുന്നതിലും അര മണിക്കൂർ നേരത്തെ ഉണരും എന്ന് തീരുമാനിക്കുക. അങ്ങനെ നിങ്ങൾക്ക് ഓരോ ദിവസവും അര മണിക്കൂർ നേരം കൂടുതൽ ലഭിക്കും.ഇങ്ങനെ ഒരു വർഷം 180 മണിക്കൂർ കിട്ടും. ഇങ്ങനെ നിങ്ങൾ ലാഭിക്കുന്ന മണിക്കൂറുകൾ പഠിക്കാനോ ജോലി ചെയ്യാനോ വിനിയോഗിക്കാം.

ലക്ഷ്യങ്ങൾ എഴുതി വയ്ക്കണം

‘ഇതാണ് എന്റെ ലക്ഷ്യം’ എന്ന് എഴുതി വയ്ക്കണം. അത് നിങ്ങൾ എപ്പോഴും കാണുന്ന ഒരിടത്ത് വയ്ക്കണം.അത് നേടിയെടുക്കാൻ എന്ത് ചെയ്യണമെന്ന് പദ്ധതിയിടണം. മറ്റുള്ളവരിലും അമ്പതു ശതമാനം മുന്നിൽ ആയിരിക്കും നിങ്ങൾ യാത്ര ചെയ്യുക.

വ്യായാമവും ഭക്ഷണവും അവശ്യം

ദിവസവും നിങ്ങളുടെ ശരീരം വിയർക്കുന്ന അളവിൽ ഏതെങ്കിലും കായിക വ്യായാമം ചെയ്യണം. വ്യായാമം ചെയ്യുന്നതു പോലെ നല്ല പോഷകാംശമുള്ള ഭക്ഷണം കഴിക്കുന്നതും പ്രധാനമാണ്. ഇവ രണ്ടും മാത്രമേ നിങ്ങൾക്ക് വേണ്ട ഊർജം നൽകൂ.

നിങ്ങളുടെ ശക്തി അറിയണം

നിങ്ങളുടെ ശക്തി മറ്റുള്ളവരേക്കാൾ മുമ്പേ നിങ്ങൾ അറിയണം.അതേപോലെ ബലഹീനതകളും മനസ്സിലാക്കി അത് പരിഹരിക്കാനുള്ള വഴി തേടണം. ആഗ്രഹം വേറെ മികവ് വേറെ. ഇവ രണ്ടിലും ആശയക്കുഴപ്പം ഉണ്ടാകരുത്.

സുഹൃത്തുക്കളെ സമ്പാദിക്കണം

മറ്റുള്ളവരോട്സ്വാഭാവികമായിസംസാരിക്കുക. മറ്റുള്ളവരെ ബഹുമാനിക്കാനും സഹായിക്കാനും പഠിപ്പിക്കാനും എപ്പോഴും ശ്രമിക്കണം. നല്ല നല്ല പ്രവർത്തികളിലും ചിന്തകളിലും ഇടപെടണം. ലക്ഷ്യങ്ങൾ സാധ്യമാക്കാൻ നിങ്ങളുടെ സുഹൃത്തുക്കളുടെ സഹായം അവശ്യം.

നിയമങ്ങൾ പാലിക്കണം

എങ്ങനെയും ജീവിക്കാം എന്ന് പലരും കരുതും. ‘ഇങ്ങനെയാണ് ജീവിക്കേണ്ടത്’ എന്ന് നിശ്ചയിച്ച് പ്രവർത്തിക്കുന്നവരാണ് വിജയം കൈവരിക്കുന്നത്. ‘ഞാൻ ഇതാണ്, ഈ ഗുണങ്ങളെല്ലാം ചേർന്നതാണ് ഞാൻ’ എന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ‘ആരെയും പരിഹസിച്ച്ഞാൻചിരിക്കില്ല,’‘ഏൽപിക്കപ്പെട്ട ജോലി നിശ്ചിത സമയത്തിനുള്ളിൽ ചെയ്തു തീർക്കും.’ തുടങ്ങിയ സത്യസന്ധമായ നിലപാടുകൾ സ്വീകരിക്കണം. ഇവ നിങ്ങളുടെ വിജയ സാധ്യത വർധിപ്പിക്കും. ●

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 8 ലക്കം 11

ജൂലൈ 2026

ഓണററി എഡിറ്റർ

കെ ആർ നാഗരാജൻ

പത്രാധിപർ

ടി ജെ ജ്ഞാനവേൽ

എക്സിക്യൂട്ടീവ് എഡിറ്റർ

സെബാസ്റ്റ്യൻ ജോസഫ്

അസിസ്റ്റന്റ് എഡിറ്റർ

വേണുഗോപാൽ എസ്

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ (പ്രൈ) ലിമിറ്റഡ്,
നം. 188, ഗ്രൗണ്ട് ഫ്ലോർ,
14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,
ഡിഫെൻസ് കോളനി,
ഈക്കാട്ടുതാങ്കൽ,
ചെന്നൈ - 600 032
മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

പതാകവാഹകരാകണം

ആപൽക്കരമായ അപകട മുനമ്പുകൾ നിറഞ്ഞ ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ആർജവം, സഹാനുഭൂതി, സ്നേഹം തുടങ്ങിയ സദ്ഗുണങ്ങൾ ആണ് നമ്മെയും സമൂഹത്തെയും മുന്നോട്ടു കൊണ്ടു പോകുന്നത്. സമൂഹത്തിലെ ഓരോ വ്യക്തിയിലും ഉള്ള സത്യസന്ധതയും ധീരതയും സ്നേഹവുമാണ് നമ്മുടെ സമൂഹത്തിന്റെ ചാലക ശക്തി. ഉന്നതമായ സംസ്കാരം ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ഉയർച്ചയുള്ളൂ.

എങ്ങനെയും നമുക്ക് ജീവിച്ചു പോകാം. എന്നാൽ നല്ല ലക്ഷ്യങ്ങളോടെ, ഉന്നതമായ ചിന്തകളോടെ സഹാനുഭൂതിയും സ്നേഹവുമായി സത്യസന്ധമായൊരു ജീവിതം നയിക്കുമ്പോഴേ അത് നമുക്കും സമൂഹത്തിനും ഗുണകരമാകൂ. അത് സ്വാഭാവികമായി നമ്മളിൽ ഉണ്ടാകേണ്ടതാണ്. അത് ഊട്ടി വളർത്തി ഒരു ശീലം പോലെയാക്കാൻ നമുക്ക് കഴിയണം. സത്യസന്ധതയും സഹാനുഭൂതിയും വിനയവും ധീരതയും മിതവ്യയവും സ്വാർത്ഥരാഹിത്യവും ഒരാളിൽ തിളങ്ങുമ്പോഴാണ് അയാൾ സംസ്കാര സമ്പന്നനായി മാറുന്നത്. അങ്ങനെയൊരാളായി മാറുകയാകണം നമ്മുടെ ലക്ഷ്യം.

സദ്ഗുണങ്ങൾ ഉള്ളത് കൊണ്ടായില്ല, അത് സമൂഹത്തിൽനന്നായിഉപയോഗപ്പെടുത്തുമ്പോൾ മാത്രമാണ് സമൂഹത്തിൽ ആശാവഹമായ പരിണാമങ്ങൾ ഉണ്ടാകുക. സമൂഹത്തിന്റെ വളർച്ച അവിടത്തെ ജനങ്ങളുടെ വളർച്ച കൂടിയാണ്. ധീരവും സത്യസന്ധവുമായ ഒരു തലമുറയെ നാം വാർത്തെടുക്കുമ്പോൾ അത് നല്ല സമൂഹത്തിന് അടിത്തറ പാകുന്നു, വ്യക്തിപരമായും അത് നിങ്ങളുടെ വളർച്ചയ്ക്കും വിജയത്തിനും വഴിപാകുന്നു. ധാർമ്മികമായ ഈ വളർച്ച നല്ല സമൂഹത്തിന് അടിത്തറയായി മാറുന്നു. ശാന്തിയും സമാധാനവും നിറഞ്ഞ സന്തോഷകരമായ ജീവിതത്തിന് അത് സഹായിക്കുന്നു. എല്ലാ മഹത്തായ സംസ്കാരങ്ങളും രൂപപ്പെട്ടത് ഇങ്ങനെ വ്യക്തികളുടെ ഉന്നതമായ മൂല്യബോധങ്ങളിൽ നിന്നാണ്. അതിനാകട്ടെ നിങ്ങളുടെ ശ്രമം.

RAMYYAM®
SAREES • KURTIS
Product by
RAMRAJ



Culture India™
TRADITIONAL KURTA ● MATCHING DHOTIS
by
RAMRAJ
PURE
Festive
EXPRESSION

RAMRAJ
SHIRTINGS & SUITINGS
COTTON • LINEN
RAMRAJ

RAMRAJ ©
M | mrithu ®
Bamboo Towels
Gentle
as a
Feather

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

വെണ്മ

വരിക്കാരാകൂ

'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

വെണ്മ
രാംരാജ് വി ടവർ.
10, ചെങ്കുന്നപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
ഫോൺ:
0421-4304106, 98422 74137

ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:
Venmaii
A/C No: 1809135000000299, Karur Vysya Bank
Tirupur SR Nagar Branch, IFSC Code :KVBL0001809.

വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും

26 അക്ഷരങ്ങളിൽ സദ്ഗുണങ്ങൾ

(A) Appreciation: മറ്റുള്ളവരുടെ നേട്ടങ്ങൾ നിറമനസ്സോടെ അഭിനന്ദിക്കണം.

(B)Behaviour: ചിരിക്കാനും സ്നേഹത്തോടെ സംസാരിക്കാനും സമയം ചെലവഴിക്കണം.

(C) Compromise: മനസ്സ് തുറന്ന് സംസാരിച്ച് എന്തും ക്ഷമയോടെ പരിഹരിക്കണം.

(D) Depression: മാനസിക സമ്മർദ്ദം കീഴ്പ്പെടുത്താൻ അനുവദിക്കരുത്.

(E) Ego: മറ്റുള്ളവരേക്കാൾ നിങ്ങൾ ഉയരത്തിലാണെന്ന് ചിന്തിച്ച് അഹങ്കരിക്കരുത്.

(F) Forgive: ശാസിക്കാനും ശിക്ഷിക്കാനും കാരണങ്ങൾ ഉണ്ടെങ്കിലും, ക്ഷമിക്കാൻ മാർഗമുണ്ടോ എന്ന് നോക്കണം.

(G) Genuineness: ഏതു കാര്യവും സത്യസന്ധതയോടെ സമീപിക്കണം.

(H) Honesty: തെറ്റ് നിങ്ങളുടെ ഭാഗത്ത് ആണെങ്കിൽ അന്തസ്സോടെ ക്ഷമ ചോദിക്കണം.

(I) Inferiority Complex: 'ഞാൻ എന്തുകൊണ്ട് ഇങ്ങനെ ആയി' എന്ന അപകർഷതാബോധം കൈവെടിയണം.

(J) Jealousy: അസൂയ വേണ്ട. അത് ഉള്ളവനെത്തന്നെ നശിപ്പിക്കും.

(K) Kindness: കനിവ് വെളിപ്പെടുത്തണം. മധുരതരമായ വാക്കുകൾ മാത്രം സംസാരിക്കണം.

(L) Loose Talk: പരസ്പരബന്ധമില്ലാതെയും അനന്തരഫലം അറിയാതെയും സംസാരിക്കരുത്.

(M) Misunderstanding: മനുഷ്യരെയും അവരുടെ സംസാരത്തെയും തെറ്റിദ്ധരിക്കരുത്.

(N) Neutral: എപ്പോഴും ഏത് കാര്യത്തിലും നിക്ഷ്പക്ഷത പാലിക്കണം.

(O) Over Expectation: അമിത പ്രതീക്ഷ വേണ്ട.

(P) Patience: ചില സമയങ്ങളിൽ സഹിച്ചേ തീരൂ എന്ന ബോധ്യം വേണം.

(Q) Quietness: മൗനമാണ് ഉത്തമം എന്ന ചുറ്റുപാടുകളിൽ, കഴിയുന്നത്ര മൗനം പാലിക്കണം.

(R) Roughness: സംസ്കാരമില്ലാത്ത വാക്കുകളും തിണ്ണമിടുക്കും കാണിക്കരുത്.

(S) Stubbornness: പറഞ്ഞതാണ് ശരി, ചെയ്തതാണ് ശരി എന്ന പിടിവാശി അരുത്.

(T) Twisting: കാര്യങ്ങൾ വളച്ചൊടിക്കരുത്.

(U) Underestimate: ആരെയും ചെറുതായി കാണരുത്. എളിയവരേയും മതിക്കണം.

(V) Voluntary: അടുത്തയാൾ മുന്നിട്ടറങ്ങാൻ കാത്തിരിക്കാതെ, നിങ്ങൾ തന്നെ മുന്നിട്ടിറങ്ങണം.

(W)Wound: നിങ്ങളുടെ വാക്കും പ്രവർത്തിയും ആരുടെ മനസ്സും വേദനിപ്പിക്കരുത്.

(X) Xerox: നിങ്ങളെ മറ്റുള്ളവർ എങ്ങനെ ബഹുമാനിക്കണമോ അപ്രകാരം മറ്റുള്ളവരെയും ബഹുമാനിക്കണം.

(Y) Yield: കഴിയുന്നത്ര വിട്ടുവീഴ്ച ചെയ്യണം. വിട്ടുവീഴ്ച ചെയ്യുന്നവർ നശിച്ചു പോകാറില്ല.

(Z) Zero: ഇവ എല്ലാം പിൻപറ്റിയാൽ, പ്രശ്നങ്ങൾ പൂജ്യമാകും.

ചുവരുകൾ വേണ്ട

പ്രശസ്ത ഹിന്ദി അഭിനേതാവ് ജാക്കി ഷ്റോഫ് തന്റെ ജീവിതത്തെ കുറിച്ച് ഒരു അഭിമുഖത്തിൽ പറഞ്ഞ കാര്യം എല്ലാവരേയും ഇരുത്തി ചിന്തിപ്പിക്കും.

'ചെറിയ പ്രായത്തിൽ ദാരിദ്ര്യത്തിലാണ് വളർന്നത്. ഒറ്റമുറി വീട്ടിലായിരുന്നു താമസം. അച്ഛനും അമ്മയും എന്നോടൊപ്പമായിരുന്നു ഉറങ്ങിയിരുന്നത്. ശാരീരിക സുഖമില്ലാത്ത ദിവസങ്ങളിൽ രാത്രിയിൽ ഞാൻ തുമ്മിയാൽ പോലും രണ്ടു പേരും ഉണരും. അച്ഛൻ പെട്ടെന്ന് മരുന്ന് എടുത്ത് നൽകും. അമ്മ എന്നെ മടിയിൽ കിടത്തി താരാട്ടു പാടി ഉറക്കും. ഞാൻ നന്നായി ഉറങ്ങി എന്ന് ഉറപ്പാക്കാൻ രണ്ടു പേരും ഉണർന്നിരിക്കും.

വളർന്നതും ഞാൻ അഭിനേതാവ് ആയി. പണം വന്നു. സൗകര്യങ്ങൾ വന്നു. മുംബയിൽ വലിയ വീട് വച്ചു. എനിക്ക് മാത്രമായി ഒരു

ആ കുഞ്ഞും വിലപ്പെട്ടത്

മഹാനഗരങ്ങളിൽ ടാക്സിയിൽ ഷെയറിംഗ് രീതി ഉണ്ട്. വെവ്വേറെ സ്ഥലങ്ങളിൽ നിന്ന് കയറുന്ന മനുഷ്യർ മറ്റുള്ളവരോടൊപ്പം യാത്ര ചെയ്യും.

അത്തരത്തിൽ ഒരു ടാക്സി യാത്ര. പിൻ സീറ്റിൽ രണ്ട് സ്ത്രീകൾ ഇരിക്കുന്നു. അതിലൊരാൾ ഗർഭിണിയാണ്. ഡ്രൈവർ അത് നേരത്തേ ശ്രദ്ധിച്ചിരുന്നു. മുൻ സീറ്റിൽ ഒരു യുവാവ് വഴിയിൽ കയറി. ആരോടോ ഫോണിൽ തർക്കിച്ചുകൊണ്ടേ യാത്ര ചെയ്ത അവൻ, ദേഷ്യത്തിൽ മോശമായ വാക്കുകൾ സംസാരിച്ചു. ഡ്രൈവർ അത് തടസ്സപ്പെടുത്തി, 'നിങ്ങൾ എന്റെ യാത്രക്കാരനാണ്. നിങ്ങളോട് ഞാൻ ബഹുമാനത്തോടെ പെരുമാറണം. എന്നിരുന്നാലും, സ്ത്രീകൾ ഇരിക്കുമ്പോൾ ഇത്തരത്തിൽ സംസാരിക്കരുത്' എന്ന് താക്കീത് ചെയ്തു. അവൻ സംസാരം അവസാനിപ്പിച്ചു.

അടുത്തത് ആ ഗർഭിണി ഇറങ്ങേണ്ട സ്ഥലമാണ്. പക്ഷേ, പതിവ് വഴിയിൽ നിന്ന് മാറി മറ്റൊരു പാതയിലൂടെ വാഹനം പോകുന്നു. 'ഇങ്ങനെ ചുറ്റിപ്പോയാൽ സമയം പാഴാകും. കൂലിയും അധികമാകും' എന്ന് ആ ഗർഭിണി പറഞ്ഞു. ഡ്രൈവർ ക്ഷമയോടെ മറുപടി പറഞ്ഞു. 'പതിവായി പോകുന്ന റോഡ് മോശമായിരിക്കുന്നു. അതു കൊണ്ടാണ് നല്ല റോഡിലൂടെ പോകുന്നത്. നിങ്ങളുടെ ഉദരത്തിലുള്ള കുട്ടിയുടെ സൗഖ്യവും എനിക്ക് പ്രധാനപ്പെട്ടതല്ലേ?' എന്ന് പറഞ്ഞു. കൂലി കൂടുതലായി വാങ്ങാത്ത ആ ഡ്രൈവറുടെ പക്കൽ നിന്ന്, ജനിക്കും മുമ്പേ ആ കുഞ്ഞ് സദ്ഗുണങ്ങൾ പഠിച്ചിരിക്കും.

വലിയ മുറി പണിതു. അമ്മയ്ക്ക് മാത്രമായും ഒരു വലിയ മുറി പണിതു. ചെറുപ്പം മുതൽ ദാരിദ്ര്യത്തിൽ കഴിഞ്ഞ എന്റെ അമ്മ ആ മുറിയിൽ സന്തോഷത്തോടെ കഴിയും എന്ന് വിശ്വസിച്ചു. ഒരു ദിവസം അമ്മയെ എഴുന്നേൽപിക്കാനായി നോക്കിയപ്പോൾ അമ്മ മരിച്ചിരിക്കുന്നു. ഉറക്കത്തിൽ ഹൃദയ സ്തംഭനം ഉണ്ടായി അമ്മ മരിച്ചു.

ഒരു വേള എന്റെ മുറിക്കും അമ്മയുടെ മുറിക്കും നടുവിൽ ഒരു ചുവർ ഇല്ലായിരുന്നെങ്കിൽ, ആ രാത്രിയിൽ അമ്മ വേദനയിൽ പുളഞ്ഞത് എനിക്ക് അറിയാൻ കഴിഞ്ഞിരുന്നേനെ. ചെറുപ്രായത്തിൽ എന്നെ അമ്മ നെഞ്ചോട് ചേർത്തതു പോലെ, അമ്മയെ രക്ഷപ്പെടുത്താൻ ഞാൻ ഓടിയിരുന്നേനെ. പക്ഷേ, രണ്ട് മുറികൾക്കും നടുവിൽ ഒരു ചുവർ പണിത് ഞാൻ വലിയ തെറ്റ് ചെയ്തു' എന്ന് പറഞ്ഞു ജാക്കി ഷ്റോഫ്.

ജീവിതത്തിൽ ഉന്നതിയിലെത്തിയതും പലരും മനസ്സിനുള്ളിൽ ചുവരുകൾ കെട്ടി, തങ്ങൾക്ക് ചുറ്റുമുള്ളവരിൽ നിന്നും അകലും. അത് തെറ്റ് എന്നാണ് ഈ സംഭവം നമ്മെ ബോധ്യപ്പെടുത്തുന്നത്. ●



നിങ്ങളെ മികവുറ്റവരാക്കി മാറ്റുന്നത് ഏതൊക്കെ?

പല വർണങ്ങളിലുള്ള നൂലുകൾ കോർത്ത് നെയ്തഭംഗിയുള്ള വസ്ത്രംപോലെയാണ് മനുഷ്യർ. വസ്ത്രത്തിനെ വർണങ്ങൾ മികവുറ്റതാക്കി മാറ്റുന്നതു പോലെ, സ്വഭാവഗുണങ്ങളാണ് മനുഷ്യരെ മികവുറ്റവരാക്കുന്നത്. അത്തരത്തിൽ നിങ്ങളെ മികവുറ്റവരാക്കുന്ന സ്വഭാവഗുണങ്ങൾ ഏതൊക്കെ?

● നിങ്ങളുടെ കുടുംബത്തിൽ പാരമ്പര്യമായും ജനിതകമായും പിന്തുടരുന്ന ചില നടപടിക്രമങ്ങളിലൂടെ നിങ്ങൾക്ക് സദ്ഗുണങ്ങൾ ഉണ്ടാകും. ചെറുപ്രായം മുതൽക്കേ ഉപബോധമനസ്സിൽ പതിയുന്ന ഈ സദ്ഗുണങ്ങളാണ് ക്യാരക്ടർ ചെത്തിമിനുക്കുന്നത്. 'തങ്കപ്പെട്ട മനുഷ്യൻ', 'വാക്കു തെറ്റിക്കാത്ത വ്യക്തി' എന്നതു പോലെ നിങ്ങളെക്കുറിച്ച് ചിന്തിക്കുന്ന പലർക്കും എന്താണോ തോന്നുന്നത്, അത് ഉണ്ടാക്കുന്നത് കുടുംബമാണ്.

● ഒരാളുടെ രൂപവും അവരുടെ സ്വഭാവഗുണങ്ങൾ വെളിപ്പെടുത്തും. വസ്ത്രധാരണം, സംസാര രീതി, മറ്റുള്ളവരുടെ സംസാരം എങ്ങനെ കേൾക്കുന്നു, മുഖത്ത് വെളിപ്പെടുത്തുന്ന വികാരങ്ങൾ, പുഞ്ചിരി അല്ലെങ്കിൽ ദേഷ്യം ഏതാണ് അധികം വെളിപ്പെടുത്തുന്നത് എന്നിവയെല്ലാം ചേർന്നാണ് നിങ്ങളെ തീരുമാനിക്കുന്നത്.

● ജീവിതാനുഭവങ്ങളിൽ നിന്ന് എന്തൊക്കെ പഠിക്കുന്നു, അവ എങ്ങനെ ഉപയോഗപ്പെടുത്തുന്നു, ആ അനുഭവങ്ങൾ നിങ്ങളെ പക്വമതിയാക്കി മാറ്റിയിരിക്കുന്നുണ്ടോ എന്നതും നിങ്ങളുടെ സദ്ഗുണങ്ങൾ ബോധ്യപ്പെടുത്തും. 'എന്റെ അനുഭവത്തിന്റത്ര പോലും നിനക്ക് വയസ്സില്ല' എന്ന് വീമ്പിളക്കുന്നവർ നിറകുടങ്ങളല്ല. അനുഭവങ്ങൾ ആർജിച്ച് നിറകുടങ്ങളായി മാറുന്നവർ മികച്ച തീരുമാനങ്ങൾ എടുത്ത് മുന്നേറും.

● ജീവിതത്തിൽ ഉണ്ടാകുന്ന സംഭവങ്ങളെ എങ്ങനെ കാണുന്നു എന്നതും നിങ്ങളെ തീരുമാനിക്കും. നിങ്ങൾക്ക് ചുറ്റും സംഭവിക്കുന്ന വിഷയങ്ങളിൽ നിന്ന് നിങ്ങൾ ധാരാളം പഠിക്കും. അവയെ നിങ്ങൾ കാണുന്ന രീതിയിൽ നിന്ന്, 'എന്തു ചെയ്യാം, എന്ത് ചെയ്യരുത്' എന്നത് തീരുമാനിക്കും.

● ഏതു പ്രവർത്തിയും ഏതു മാനസികാവസ്ഥയിൽ ചെയ്യുന്നു എന്നതും നിങ്ങളുടെ സ്വഭാവഗുണങ്ങൾ തീരുമാനിക്കും. പോസിറ്റീവ് ആയി എന്തിനെയും സമീപിച്ച്, പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നവരെയാണ് മികവുറ്റവർ എന്ന് കരുതപ്പെടുന്നത്.

● ഒരാളുടെ ശീലങ്ങളും ലക്ഷ്യങ്ങളുമാണ് അവരെ മികച്ച ഗുണങ്ങൾ സ്വായത്തമാക്കിയ വ്യക്തിയാക്കി മാറ്റുന്നത്. അലസതയും നേരംകൊല്ലലും ശീലങ്ങളാക്കിയവരിൽ നിന്ന് മറ്റുള്ളവർ അകന്നു നിൽക്കും. ജീവിതത്തിൽ ഉന്നതമായ ലക്ഷ്യങ്ങൾ ഇല്ലാത്തവർ ഒതുക്കപ്പെടും. തനതായ ശീലങ്ങളും ലക്ഷ്യങ്ങളും ഉള്ളവരാണ് റോൾ മോഡലായി ബഹുമാനിക്കപ്പെടുന്നവർ.

● നിങ്ങളുടെ വിശ്വാസങ്ങളും നിങ്ങൾ ജീവിതത്തിൽ മതിക്കുന്ന കാര്യങ്ങളും നിങ്ങളുടെ ഗുണങ്ങൾ തീരുമാനിക്കുന്നവ തന്നെയാണ്. ഒന്നും കണ്ണടച്ച് വിശ്വസിക്കരുത്. എന്തും നന്നായി വിശകലനം ചെയ്ത് തീരുമാനങ്ങൾ എടുക്കണം. ഉന്നതമായവയിൽ മതിപ്പ് ഉണ്ടായിരിക്കണം. നിങ്ങളെയും അത് ഉന്നതങ്ങളിൽ എത്തിക്കും. ●

യുവത്വത്തിൽ ഇവയെല്ലാം ഉപേക്ഷിക്കണം

കോളെജിൽ എത്തുന്ന ടീനേജ് പ്രായത്തിൽ ആരംഭിച്ച്, തുടർന്ന് ജോലിയിൽ പ്രവേശിക്കുന്ന കാലം വരെയും ചില ദുശ്ശീലങ്ങൾ വന്നു ചേരുന്ന അപകടം ഉണ്ട്. അവ വഴിയിൽ തന്നെ ഉപേക്ഷിക്കാൻ ശീലിക്കണം. അതിന് ഇവയെല്ലാം ചെയ്യണം:

- നിങ്ങൾക്ക് ഏതാണോ അളവിലും അധികം ഉത്സാഹം നൽകുന്നത്, അതിന്റെ പിന്നാലെ മാത്രം പാഞ്ഞു കൊണ്ടിരിക്കരുത്. സാമൂഹ്യ വെബ്സൈറ്റുകളിൽ ഇരിക്കുന്നത്, സുഹൃത്തുക്കളോടൊപ്പം കഴിയുന്നത്, വീഡിയോ ഗെയിംസ് കളിക്കുന്നത്, പുകവലി, വ്യത്യസ്തമായ ലഹരികൾ എന്നിങ്ങനെയുള്ളവ ഉത്സാഹം നൽകിയേക്കാം. പക്ഷേ, അവ ജീവിതപാതയുടെ ദിശ മാറ്റും. ഒരു പരീക്ഷയിൽ നല്ല മാർക്ക് നേടുന്നതും ഒരു ജോലിയിൽ ഉയർവ് നേടുന്നതും നൽകുന്ന മനസംതൃപ്തി സുഖകരവും നിരന്തരമായതുമാണ്. അവ തേടണം.
- 'എനിക്ക് കണക്ക് ശരിയാവില്ല', 'ഈ ജോലി എനിക്ക് ചെയ്യാൻ കഴിയില്ല' എന്നീ തരത്തിൽ നിങ്ങളെക്കുറിച്ച് നെഗറ്റീവ് ആയി ചിന്തിക്കരുത്. സ്വയം വില കുറച്ച് കാണുന്നതും ഒരു ദുശ്ശീലമാണ്. നിങ്ങൾക്ക് ചില കാര്യങ്ങൾ ശരിയാകുന്നില്ലെങ്കിൽ, നിങ്ങൾ അത് പഠിക്കുന്ന വിധം തെറ്റായിരിക്കാം. ശരിയായ വഴി തേടണം.
- റിസ്ക് എടുക്കാത്തവർ ജീവിതത്തിൽ മുന്നേറില്ല. സത്യത്തിൽ റിസ്ക് എടുക്കാതിരിക്കുന്നതാണ് ഏറ്റവും വലിയ റിസ്ക്. ലക്ഷ്മണ രേഖയിൽ നിന്ന് പുറത്തു കടന്ന് ധൈര്യസമേതം പുതിയ കാര്യങ്ങൾ ചെയ്യണം. റിസ്ക് എടുക്കുന്നവർ തോറ്റു പോയെന്നിരിക്കാം. പക്ഷേ അവരായിരിക്കും മറ്റൊരു ശ്രമത്തിൽ ഉന്നതങ്ങളിൽ എത്തുന്നവരും.
- നിങ്ങളുടെ തെറ്റുകൾക്കും പരാജയങ്ങൾക്കും പഴി മറ്റൊരാളുടെ മേൽ ചാരരുത്. 'എനിക്ക് മാത്രം എന്തു കൊണ്ട് ഇങ്ങനെ സംഭവിക്കുന്നു' എന്ന നിരാശയിലും മുഴുകരുത്. ബാധിക്കപ്പെട്ടു എന്ന മാനസിക ഭാവം ഉപേക്ഷിച്ച് നേട്ടം കൊയ്യുന്നവരായി മാറണം.
- എല്ലാം 100% കൃത്യതയോടെ ചെയ്യണം എന്ന് ആഗ്രഹിക്കരുത്. പിന്നീട് ആവേശം നഷ്ടപ്പെടും. 'ഒന്നുകിൽ ശരിയായി ചെയ്യണം. അല്ലെങ്കിൽ ചെയ്യരുത്' എന്ന് പറഞ്ഞ് ഒന്നും ചെയ്യാതിരിക്കരുത്. അത് ഭാവിക്ക് ചേർന്നതല്ല.
- പഠനം, ജോലി, അതുമായി ബന്ധപ്പെട്ട പ്രവർത്തികൾ എന്നിങ്ങനെ ഓരോന്നിനും ഓരോ ദിവസവും മണിക്കൂറുകളോളം ചെലവഴിക്കേണ്ടി വരും. അതിനായി നിങ്ങളെ ശ്രദ്ധിക്കാതിരിക്കരുത്. മനസ്സു കൊണ്ടും ശരീരം കൊണ്ട് നിങ്ങൾക്ക് സൗഖ്യം ഉണ്ടെങ്കിലേ എന്തും മികവോടെ ചെയ്ത് പൂർത്തിയാക്കാൻ കഴിയൂ. ഭക്ഷണം, വിശ്രമം, വ്യായാമം എന്നിങ്ങനെ എല്ലാ ആരോഗ്യകരമായി പിന്തുടരണം.
- എന്ത് തീരുമാനം എടുക്കുമ്പോഴും അതിന്റെ കോട്ടങ്ങൾ മാത്രം ചിന്തിച്ച് ഭയപ്പെടരുത്. മനസ്സ് പോസിറ്റീവ് ആയി ചിന്തിക്കുമ്പോഴേ നിങ്ങളുടെ പ്രവർത്തിയും അത്തരത്തിലാകൂ.
- ശരിയായി ചിന്തിക്കണം, ബുദ്ധിസാമർത്ഥ്യത്തോടെ തീരുമാനങ്ങൾ എടുക്കണം, നമ്മുടെ ക്ഷേമത്തിന് ഏതാണ് നല്ലത് എന്നതിൽ വ്യക്തത ഉണ്ടായിരിക്കണം, നിങ്ങളുടെ ജീവിതം ഉന്നതമാക്കണം.

നന്മയായി മാറുന്ന സദ്ഗുണങ്ങൾ

ദാനം ചെയ്ത് തഴമ്പിച്ച കൈകളോടെ ഒരു വയോധികൻ ഉണ്ടായിരുന്നു. സദ്ഗുണങ്ങൾ നിറഞ്ഞ മനുഷ്യൻ, ആർക്കെങ്കിലും എന്തെങ്കിലും നൽകിക്കൊണ്ടേയിരിക്കും. ദിവസവും ആർക്കെങ്കിലും എന്തെങ്കിലും കൊടുത്തില്ലെങ്കിൽ അദ്ദേഹത്തിന് ഉറക്കം വരില്ല. ചോദിക്കും മുമ്പേ സഹായം ചെയ്യും. ഒരാൾക്ക് നൽകിയത് മറ്റൊരാൾ അറിയാത്ത വിധം അന്തസ്സോടെ പെരുമാറും.

ഒരു ദിവസം രാത്രി 'ഇന്ന് ആർക്കാണ് ധർമ്മം ചെയ്യേണ്ടത്' എന്ന് ചിന്തിച്ച് നടന്നു കൊണ്ടിരുന്നു. അപ്പോൾ എതിരെ ഒരാൾ വന്നു. അദ്ദേഹത്തിന്റെ രൂപം തന്നെ ദയനീയമായിരുന്നു. ഉടനേ തന്റെ കൈവശം ഉണ്ടായിരുന്ന എല്ലാ പണവും അദ്ദേഹത്തിന്റെ കൈയിൽ ഏൽപിച്ച് വീട്ടിലേക്ക് മടങ്ങി. കഷ്ടത്തിലായിരുന്ന ഒരാൾക്ക് ധർമ്മം ചെയ്ത മനസംതൃപ്തിയോടെ ഉറങ്ങി.

പിറ്റേ ദിവസം രാവിലെ നാട് മുഴുവനും ഒരേ സംസാരം. 'ഇന്നലെ രാത്രി ഒരു കള്ളന്റെ കൈയിൽ ആരോ പണം നൽകി പോയത്രെ' എന്ന് സംസാരിച്ചു കൊണ്ടിരുന്നു. ഇത് അറിഞ്ഞതും വയോധികൻ 'ഒരു കള്ളന് സഹായം ചെയ്തല്ലോ' എന്ന് നിരാശപ്പെട്ടു. 'ശരി, ഇന്ന് ശരിയായ വ്യക്തിക്ക് സഹായം ചെയ്യാം' എന്ന് തീരുമാനിച്ചു.

അന്ന് രാത്രി അദ്ദേഹം പുറത്തു പോയപ്പോൾ എതിരെ ഒരു സ്ത്രീ വന്നു. ദരിദ്രയായ സ്ത്രീയെപ്പോലെ തോന്നിയപ്പോൾ, ആ സ്ത്രീയുടെ പക്കൽ പണം നൽകി ധൃതിയിൽ തിരികെപ്പോയി. പിറ്റേ ദിവസം രാവിലെ നാട് മുഴുവൻ ഒരേ സംസാരം. 'ഇന്നലെ രാത്രി ലൈംഗിക തൊഴിലാളിയായ ഒരു സ്ത്രീക്ക് ആരോ വെറുതേ പണം നൽകിയത്രെ.' അദ്ദേഹം 'ഛെ, ഇന്നലെയും തെറ്റു പറ്റിയല്ലോ' എന്ന് ദുഃഖിച്ചു. 'ഇന്ന് ശരിയായി ധർമ്മം ചെയ്യണം' എന്ന് ചിന്തിച്ച് അന്ന് രാത്രിയും പുറത്തേക്കിറങ്ങി. അപ്പോഴും എതിരെ ഒരാൾ വന്നു. അദ്ദേഹത്തിന്റെ കൈവശം പണം ഏൽപിച്ചു.

പിറ്റേ ദിവസം ജനങ്ങൾ, 'ഇന്നലെ രാത്രി ഒരു ധനികന് ആരോ പണം ദാനം നൽകി പോയത്രെ' എന്ന് സംസാരിച്ചു കൊണ്ടിരുന്നു. 'എല്ലാ ദിവസവും ഇങ്ങനെ സംഭവിക്കുന്നല്ലോ' എന്ന് ചിന്തിച്ച് ആ വയോധികൻ ഒരു സന്ന്യാസിയെ കണ്ട് സങ്കടം ബോധിപ്പിച്ചു. സന്ന്യാസി അദ്ദേഹത്തെ നോക്കി ചിരിച്ചു കൊണ്ട്, 'നിങ്ങൾ ചെയ്ത ധർമ്മം പാഴായിപ്പോയിട്ടില്ല. നിങ്ങളുടെ പക്കൽ നിന്ന് പണം വാങ്ങിയ ആ കള്ളൻ സന്മാർഗിയായി. ആ സ്ത്രീ നല്ല പാതയിലേക്ക് മടങ്ങി. ആ സമ്പന്നനാകട്ടെ, ജീവകാരുണ്യ പ്രവർത്തകനായി

മാറി. സദ്ഗുണങ്ങളോടെ ചെയ്യുന്ന പ്രവർത്തിക്ക് സദ്ഫലങ്ങളേ ഉണ്ടാകൂ' എന്ന് പറഞ്ഞു അദ്ദേഹം.

ഇതു പോലെ സഹായം നേടി സദ്ഗുണങ്ങൾ കൊണ്ട് നന്മയുടെ പാതയിലേക്ക് മടങ്ങിയ മറ്റൊരു കഥയാണ് ഇത്... കാട്ടിൽ ഒരു മുനി വസിച്ചിരുന്നു. ഒരു വിറകുവെട്ടുകാരൻ ദിവസവും അവിടെ വരും. മുനിയെ നമസ്കരിച്ച് ചെന്ന് വിറകു വെട്ടും. ഒരു ദിവസം അവനെ വിളിച്ച മുനി, 'ജീവിതം എങ്ങനെ പോകുന്നു?' എന്ന് ചോദിച്ചു. 'ദിവസവും ഈ വിറക് വിൽക്കാൻ കഴിഞ്ഞാൽ കുടുംബത്തിന് രണ്ട് നേരം ഭക്ഷണം ലഭിക്കും. മഴയുള്ള ദിവസങ്ങളിൽ വിറക് വിൽക്കാത്തതിനാൽ പട്ടിണി കിടക്കും. കഷ്ടപ്പാട് തന്നെ' എന്ന് പറഞ്ഞു അയാൾ.

'കാട്ടിൽ അൽപ ദൂരം കൂടി പോയാൽ ചന്ദന മരം വെട്ടാമല്ലോ. അതിന് കൂടുതൽ വില ലഭിക്കും ' എന്ന് പറഞ്ഞു മുനി. അവൻ ആദ്യം വിശ്വസിച്ചില്ല. 'ഈ കാട് മുനിയേക്കാൾ എനിക്ക് നന്നായി അറിയാമല്ലോ! ഇവിടെ എവിടെ ചന്ദന മരം?' എന്ന് ചിന്തിച്ചു. എന്നിരുന്നാലും, കാട്ടിൽ അൽപ ദൂരം കൂടി നടന്നു. അവൻ അത്ഭുതപ്പെട്ടു! അവിടെ വലിയ ചന്ദനക്കാട് ഉണ്ടായിരുന്നു. നല്ല മുറ്റിയ ചന്ദന മരം കഴിയുന്നത്ര അളവിൽ വെട്ടിയെടുത്തു.

മടങ്ങുമ്പോൾ മുനിയുടെ പാദങ്ങളിൽ വീണ് നമസ്കരിച്ചു. 'സ്വാമി, താങ്കളെ സംശയിച്ചു. ക്ഷമിക്കണം. എനിക്ക് നല്ല വഴി കാട്ടിത്തന്നു' എന്ന് പറഞ്ഞു അയാൾ. മുനി ചിരിച്ചു.

അതിനു ശേഷം വിറകു വെട്ടുകാരന്റെ ജീവിതം മാറി. ആഴ്ചയിൽ ഒരിക്കൽ വന്ന് ചന്ദന മരം വെട്ടിക്കൊണ്ട് പോകും. അവന്റെ കുടുംബത്തിൽ ഇപ്പോൾ പട്ടിണി ഇല്ല. മുമ്പത്തേക്കാൾ ഇപ്പോൾ അവന് മുനിയോടുള്ള ഭക്തി അധികരിച്ചു. കാട്ടിൽ എത്തുന്ന ഓരോ തവണയും അദ്ദേഹത്തിന് ഉപചാരങ്ങൾ ചെയ്തു പോകും.

ഒരു ദിവസം മുനി അവനെ വിളിച്ച്, 'കാലം മുഴുവനും ചന്ദനം വെട്ടി ജീവിക്കാൻ പോകുകയാണോ? ആ ചന്ദനക്കാടിനും അപ്പുറം മറ്റെന്താണ് ഉള്ളതെന്ന് അന്വേഷിക്കണ്ടേ?' എന്ന് ചോദിച്ചു. അവന് എന്ത് ഉത്തരം പറയണമെന്ന് മനസ്സിലായില്ല. 'ചന്ദനക്കാടിന് അപ്പുറം വെള്ളി ഖനി ഉണ്ട്. അവിടെ നിന്ന് വെള്ളിക്കട്ടികൾ എടുത്തു കൊണ്ടു പോകൂ' എന്ന് പറഞ്ഞു മുനി.

മുനിയെ നമസ്കരിച്ച ശേഷം ചന്ദനക്കാടും കടന്ന് ബഹുദൂരം പോയ അവൻ വെള്ളി ഖനി കണ്ടെത്തി. ധാരാളം വെള്ളിക്കട്ടികൾ എടുത്ത് കൊണ്ടുപോയി വിറ്റു. ഒറ്റ ദിവസം കൊണ്ട് ജീവിതം മാറിമറിഞ്ഞു. വലിയ വീട്ടിൽ താമസമാക്കി. അതിനു ശേഷം മാസത്തിൽ ഒരു തവണ വന്ന് വെള്ളിക്കട്ടി എടുത്ത് പോകുന്നത് പതിവായി. ഇപ്പോൾ നാട്ടിൽ അയാളാണ് വലിയ ധനികൻ.

പിന്നീട് ഒരു ദിവസം മുനി അവനെ വിളിച്ചു, 'ആ വെള്ളി ഖനിക്കും അപ്പുറം സ്വർണ ഖനി ഉണ്ട്' എന്ന് പറഞ്ഞു. അവൻ അതും കണ്ടുപിടിച്ച് സ്വർണക്കട്ടികൾ എടുത്തു കൊണ്ടു പോയി. ഇപ്പോൾ അവൻ ഏറ്റവും വലിയ കോടീശ്വരനായി.

അടുത്ത ഒരു ദിവസം അവൻ വന്ന് മുനിയുടെ പാദങ്ങളിൽ നമസ്കരിച്ചു. സ്വർണഖനിക്കും അപ്പുറം വൈരഖനി ഉണ്ട്. അങ്ങോട്ട് പോകുന്നോ?' എന്ന് ചോദിച്ചു മുനി. 'വേണ്ട സ്വാമി. എന്റെ പക്കൽ ഇപ്പോൾ എല്ലാം ഉണ്ട്. പക്ഷേ സന്തോഷവും സമാധാനവും നഷ്ടപ്പെട്ടു. ഈ എല്ലാ ഖനികളും ഉണ്ടെന്ന് അറിഞ്ഞിട്ടും താങ്കൾക്ക് എങ്ങനെയാണ് ഇവിടെ സമാധാനത്തോടെ ഇരിക്കാൻ കഴിയുന്നത്? ആ നിറവാർന്ന മനസ്സ് നേടുന്ന രഹസ്യം പറഞ്ഞു തരൂ' എന്ന് അപേക്ഷിച്ചു.



'നിനക്ക് എല്ലാം ലഭിച്ചു. ഇനി നിനക്കുള്ളിൽ തേടണം. നീ സ്വന്തമാക്കേണ്ട അടുത്ത ഖനി അതാണ്. നിനക്ക് ലഭിച്ചത്, ഇല്ലാത്തവർക്ക് പങ്കുവയ്ക്കണം. സന്തോഷം ലഭിക്കും.' എന്ന് പറഞ്ഞു സന്ന്യാസി. അവന് ജീവിതം മനസ്സിലായി. ●

കുട്ടികളെ സദ്ഗുണങ്ങൾ പഠിപ്പിക്കണം

ആദ്യ ദിവസം പ്ലേ സ്കൂളിൽ പോയ തന്റെ മകളെ കൂട്ടിക്കൊണ്ടു വരാൻ സ്കൂളിലേക്ക് പോയി ഒരു അമ്മ. കുഞ്ഞ് തന്നെ വിട്ട് ചില മണിക്കൂറുകൾ എങ്ങനെ ഇരുന്നു, എന്ത് ചെയ്തു എന്നിങ്ങനെ അങ്കലാപ്പോടെ ചെന്ന അമ്മയെ കാത്തിരുന്നത് ആശ്ചര്യമായിരുന്നു. സ്കൂൾ വാതിൽക്കൽ അമ്മയെ പുഞ്ചിരിയോടെ വരവേറ്റ മകൾ, 'അമ്മാ, മിസ് അമ്മയെ കാണണം എന്ന് പറഞ്ഞു.'

'കുട്ടി എന്തോ കുസൃതി ഒപ്പിച്ചു കാണും. അത് പറഞ്ഞ് ശാസിക്കാനായിരിക്കും മിസ് വിളിക്കുന്നത്' എന്ന് ടെൻഷനോടെ ഉള്ളിൽ പോയി അമ്മ. മിസ് അമ്മയെ സ്വീകരിച്ച് കൈകളിൽ പിടിച്ച്, 'കുഞ്ഞിനെ നന്നായി വളർത്തിയിരിക്കുന്നു. നിങ്ങളെ അഭിനന്ദിക്കാനാണ് വിളിപ്പിച്ചത്' എന്ന് പറഞ്ഞു. 'എന്താണ് സംഭവിച്ചത്?' എന്ന് ആശ്ചര്യപ്പെട്ടു അമ്മ.

'ഇന്ന് ആദ്യ ദിവസം ആയതിനാൽ ധാരാളം കുട്ടികൾ ഭയന്ന് കരഞ്ഞു. 'വീട്ടിൽ പോകണം' എന്ന് നിലവിളിച്ചു. കൈകാര്യം ചെയ്യാൻ ഞാൻ നന്നേ ബുദ്ധിമുട്ടി. നിങ്ങളുടെ മകൾ അവരുടെ അടുത്തു ചെന്ന്, 'ഈ മിസ് ഒന്നും ചെയ്യില്ല. നമ്മുടെ അമ്മയെപ്പോലെയാണ്. ഭയപ്പെടാതെ' എന്ന് പറയുകയുണ്ടായി. അവരുടെ കണ്ണുനീർ തുടച്ചെടുത്തു. അവർക്ക് കളിപ്പാട്ടങ്ങൾ എടുത്തു നൽകി കളിക്കാൻ പറഞ്ഞു. ഇങ്ങനെയും ഒരു കുട്ടിയോ എന്ന് ഞാൻ ആശ്ചര്യപ്പെട്ടു' എന്ന് പറഞ്ഞു മിസ്. പുറത്തെത്തിയ അമ്മ, തന്റെ മകളെ കെട്ടിപ്പിടിച്ച് ഉമ്മ വച്ചു.

നല്ല ഗുണങ്ങളാണ് ഒരാളെ നല്ല മനുഷ്യരാക്കി വാർത്തെടുക്കുന്നത്. കുഞ്ഞായിരിക്കുമ്പോഴേ അവ ശീലിപ്പിച്ചാൽ, ജീവിതകാലം മുഴുവനും അവ ഒരാളുടെ സ്വാഭാവികതയായി മാറും. കുഞ്ഞായിരിക്കുമ്പോൾ എന്തും പഠിപ്പിക്കുന്നത് ലളിതമാണ്. കഥകളിലൂടെയും പാട്ടുകളിലൂടെയും ജീവിതാനുഭവങ്ങളിലൂടെയും ഈ നല്ല ഗുണങ്ങൾ അവരെ പഠിപ്പിക്കാം. എല്ലാത്തിനേയും കാൾ എറ്റവും പ്രധാനപ്പെട്ടത്, കുട്ടികളോട് പിന്തുടരാൻ ആവശ്യപ്പെടുന്ന നല്ല ശീലങ്ങൾ രക്ഷിതാക്കളും പിന്തുടരണം എന്നതാണ്. മുതിർന്നവരുടെ വാക്കുകളിലൂടെയല്ല, ജീവിതത്തിലൂടെയാണ് കുട്ടികൾ പഠിക്കുന്നത്.

കുട്ടികൾ പഠിക്കേണ്ട ചില നല്ല ശീലങ്ങൾ:

- വായന ശീലം സ്കൂൾ പ്രായത്തിൽ തന്നെ കുട്ടികൾക്ക് പരിചയപ്പെടുത്തണം. ദീർഘനേരം

ഒരേ ഇടത്തിൽ ഇരുന്നുള്ള പുസ്തക വായന ശീലിക്കുന്നത് അവരുടെ വിദ്യാഭ്യാസ ഉന്നതിക്ക് സഹായിക്കും. പുസ്തകങ്ങളിലൂടെ അവരുടെ വിജ്ഞാനവും വർധിക്കും.

• ഒരിടത്ത് ഇരുന്നു കൊണ്ടു തന്നെ കളിക്കുന്ന മൊബൈൽ ഫോൺ ഗെയിമുകൾ ശീലിപ്പിക്കാതെ, വീടിനു പുറത്തിറങ്ങി വെയിലിൽ കളിക്കാൻ അവരെ ശീലിപ്പിക്കണം. അവർക്ക് അതിൽ ഉത്സാഹവും ലഭിക്കും. മറ്റ് കുട്ടികളോടൊപ്പം ചേർന്ന് കളിക്കുന്നതിനാൽ, സമൂഹത്തിൽ ഇടപഴകുന്ന ഗുണവും അവർ നേടും. ശരീരവും കരുത്താർജിക്കും.

• പണം കരുതി വയ്ക്കാൻ പഠിപ്പിക്കണം. പണത്തിന്റെ വിലയും ബോധ്യപ്പെടുത്തണം. തങ്ങളുടെ കണ്ണെതിരിൽ വർധിക്കുന്ന സമ്പാദ്യം കണ്ട്, സമ്പാദിക്കാനുള്ള ശീലവും അവർ പഠിക്കും.

• ടിവി, കമ്പ്യൂട്ടർ, സെൽഫോൺ എന്നിങ്ങനെപ്രകാശംപ്രസരിപ്പിക്കുന്നഏതെങ്കിലും ഒരു സ്ക്രീൻ കണ്ടാണ് ഇന്നത്തെ കുട്ടികൾ വളരുന്നത്. അവയ്ക്ക് അടിമയായിപ്പോകാതെ, സമയ നിയന്ത്രണം പഠിപ്പിക്കണം.

• എല്ലാത്തിലും അച്ചടക്കം പാലിക്കാൻ അവരെ ശീലിപ്പിക്കണം. കളിപ്പാട്ടങ്ങൾ പുറത്തെടുത്ത് കളിച്ചു കഴിഞ്ഞാൽ അവ വീണ്ടും അടുക്കി വയ്ക്കാൻ പറയണം. പഠിച്ചു കഴിഞ്ഞതും പുസ്തകങ്ങൾ ബാഗിൽ അടുക്കിവയ്ക്കുന്നതും ഉറക്കമെണീറ്റതും കിടക്ക കൃത്യമാക്കുന്നത് ശീലിപ്പിക്കുന്നതും എല്ലാം ആസൂത്രണം ചെയ്ത് ചെയ്യാനുള്ള കഴിവ് അവർ ആർജിക്കും.

• ഉറക്കമെണീക്കൽ, കുളിക്കൽ, ഭക്ഷണം കഴിക്കൽ, കളിക്കൽ, പഠിക്കൽ എന്നിങ്ങനെ എല്ലം നിശ്ചിത സമയത്തിൽ ചെയ്യാൻ അവരെ ശീലിപ്പിക്കണം. അലസത ഇല്ലാതെ എന്തും നിശ്ചിത സമയത്തിനുള്ളിൽ ചെയ്യാൻ അവർ ശീലിക്കും.

• പല്ലു തേയ്ക്കൽ, കുളിക്കൽ, ശരിയായി കൈ കഴുകൽ, ഭക്ഷണം പാഴാക്കാതെ കഴിക്കൽ, വെളിയിൽ നിന്ന് വീട്ടിൽ എത്തിയതും കാലുകൾ കഴുകൽ എന്നിങ്ങനെ ശുചിത്വ ശീലങ്ങൾ കുട്ടികളെ പഠിപ്പിക്കണം. വളർന്ന ശേഷം അവരെ എല്ലാവരും മതിക്കും.

• അയൽപക്കത്തെ കുടുംബാംഗങ്ങൾ, തങ്ങളുടെ പ്രായത്തിലുള്ള കുട്ടികൾ എന്നിങ്ങനെ എല്ലാവരോടും സൗഹൃദത്തോടെയും സ്നേഹത്തോടെയും ഇടപഴകാൻ പറയണം. സൗഹൃദങ്ങൾ ഉണ്ടാക്കി നിലനിർത്തുന്നത് ജീവിതം മുഴുവനും ആവശ്യമായ ഒരു ഗുണം.

• സമയം കൃത്യമായി വിനിയോഗിച്ച് കഠിനാധ്വാനം ചെയ്യാൻ അവരെ ശീലിപ്പിക്കണം. സത്യസന്ധതയോടെയും യാഥാർത്ഥ്യത്തോടെയും ഇരിക്കുന്നതിലൂടെ ലഭിക്കുന്ന മതിപ്പ് അവരെ ബോധ്യപ്പെടുത്തണം. അവരെ ഇത് ജീവിതത്തിൽ ഉയരത്തിലെത്തിക്കും.

• 'നന്ദി', 'പ്ലീസ്', 'സോറി' എന്നിങ്ങനെയുള്ള വാക്കുകൾ മടി കൂടാതെ അവർ ഉപയോഗപ്പെടുത്തണം. ആരെങ്കിലും സംസാരിക്കുമ്പോൾ ഇടയ്ക്കു കയറി സംസാരിക്കാതിരിക്കൽ, പൊതു ഇടങ്ങളിൽ ഭക്ഷണം കഴിക്കുന്ന രീതി, ക്ഷേമാന്വേഷണം എന്നിങ്ങനെയുള്ള ഗുണങ്ങൾ അവരെ ശീലിപ്പിക്കണം.

• ഇന്നത്തെ കുടുംബ, സാമൂഹിക ചുറ്റുപാടുകൾ പലരേയും സ്വാർത്ഥരാക്കി മാറ്റുന്നുണ്ട്. കളിപ്പാട്ടങ്ങൾ, കൊറിക്കാനുള്ള ഭക്ഷണങ്ങൾ, ഭക്ഷണം എന്നിങ്ങനെ എല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അവരെ ശീലിപ്പിക്കണം. മറ്റുള്ളവരുടെ ആവശ്യങ്ങൾ അവർക്ക് മനസ്സിലാകും, തങ്ങളുടെ പക്കലുള്ളതിന്റെ മതിപ്പും അവർക്ക് ബോധ്യമാകും.

• വയസ്സിൽ മൂത്തവരെ ബഹുമാനിക്കാൻ പഠിപ്പിക്കണം. പരിചയമില്ലാത്തവരോടു പോലും ധൈര്യത്തോടെയും ബഹുമാനത്തോടെയും സംസാരിക്കാൻ ശീലിപ്പിക്കണം. എല്ലാവരോടും സ്നേഹത്തോടെയും കരുണയോടെയും ഇടപഴകേണ്ടതിന്റെ ആവശ്യവും ബോധ്യപ്പെടുത്തണം.

• ഒന്നിനും കാത്തിരിക്കാൻ ക്ഷമയില്ലാത്തവരായി വളരുന്നവരാണ് ഇപ്പോൾ പല കുട്ടികളും. എല്ലാത്തിനും നിർബന്ധം പിടിക്കും. ഏതൊരു കാര്യവും നിറവേറാൻ കാത്തിരിക്കേണ്ടതിന്റെ ആവശ്യം അവരെ ബോധ്യപ്പെടുത്തണം. ദേഷ്യവും നിരാശയും ഇല്ലാത്തവരായി അവർ വളരും. ●

മൂന്ന് ഫാക്ടറികൾ

ഓരോരുത്തരും തങ്ങളുടെ ശരീരത്തിൽ മൂന്ന് ഫാക്ടറികൾ വച്ചിരിക്കുന്നത് നല്ലത്. തലയിൽ ഐസ് ഫാക്ടറി. മോശപ്പെട്ട മനുഷ്യരെ നേരിട്ടാലും പ്രസന്ധിയിലാകുന്ന ചുറ്റുപാടിലും സമാധാനം കൈവെടിയാതെ പ്രവർത്തിക്കാൻ അത് സഹായിക്കും. നാക്കിൽ കരിമ്പ് ഫാക്ടറി. വെറുപ്പും ദേഷ്യവും കലർത്താതെ മധുരമുള്ള വാക്കുകൾ സംസാരിപ്പിച്ച് അത് ഭൂരിഭാഗം പ്രശ്നങ്ങളും അവസാനിപ്പിക്കും. ഹൃദയത്തിൽ സ്നേഹ ഫാക്ടറി. ആരെയും സ്നേഹിച്ച് സന്തോഷം കൈവരിക്കുന്ന പക്വത അത് നൽകും.

ഞാൻ വിദ്യാർത്ഥി

ഭൗതികശാസ്ത്രത്തിൽ ആൽബർട്ട് ഐൻസ്റ്റീൻ നടത്തിയ ഗവേഷണങ്ങൾ നമ്മുടെ സാംസ്കാരിക ജീവിതത്തിന്റെ അടിത്തറയായി മാറിയത് ചരിത്രം. ഒരു ദിവസം ഐൻസ്റ്റീൻ തന്റെ പരീക്ഷണശാലയിൽ നിന്ന് വീട്ടിലേക്ക് മടങ്ങാൻ ബസ് സ്റ്റാൻഡിൽ എത്തി.

ബസ് സ്റ്റാൻഡിൽ ഒരു യുവാവിനെ ഇടയ്ക്കിടെ കണാറുണ്ടായിരുന്നു. അവന്റെ കൈ നിറയെ ഊർജതന്ത്ര പുസ്തകങ്ങൾ ഉണ്ടായിരിക്കും. ജിജ്ഞാസ താങ്ങാനാവാതെ ഐൻസ്റ്റീൻ, 'നിങ്ങളെ ഇടയ്ക്കിടെ ഇവിടെ കാണുന്നുണ്ടല്ലോ. കൈ നിറയെ പുസ്തകങ്ങളും. നിങ്ങൾ എന്താണ് ചെയ്യുന്നത്?' എന്ന് അന്വേഷിച്ചു. ആ യുവാവ് ഗൗരവത്തോടെ, 'ഞാൻ ഊർജതന്ത്രത്തിൽ ഡോക്ടർ ബിരുദം നേടിയ വ്യക്തിയാണ്. ഊർജതന്ത്രത്തിൽ എനിക്ക് അറിയാത്തത് ഒന്നുമില്ല. അതു ശരി, നിങ്ങൾ ആരാ?' എന്ന് ചോദിച്ചു അവൻ.



ഊർജതന്ത്രത്തിൽ മഹത്തായ കണ്ടുപിടുത്തങ്ങൾ നടത്തിയ ഐൻസ്റ്റീൻ വിനയത്തോടെ പറഞ്ഞു, 'ഞാൻ ഊർജതന്ത്രം പഠിക്കുന്ന ഒരു വിദ്യാർത്ഥിയാണ്.' ഒരിക്കലും പഠനം അവസാനിപ്പിക്കാത്ത ആ ഗുണമാണ് ഐൻസ്റ്റീനെ അച്ചടക്കമുള്ള വിജയിയാക്കി മാറ്റിയത്.

വിജയത്തിന്റെ തിരമാല

'വിജയം തിര പോലെ വരും' എന്ന് പറയും ഗായ് പിയേഴ്സ് എന്ന ഓസ്ട്രേലിയൻ അഭിനേതാവ്. വലിയ ഒരു തിര വരും, അടുത്തത് ധാരാളം ചെറിയ തിരകൾ വരും, അൽപ സമയത്തിൽ പിൻവാങ്ങുന്ന ആ തിരകളാണ് പുതിയ തിരകൾക്ക് തടസ്സമാകുന്നത്. എപ്പോഴും വലിയ വിജയങ്ങൾ അനുഭവിച്ചവർ ആരുമില്ല. വെറും വിജയങ്ങൾ മാത്രം ഉണ്ടായവരും ഇല്ല. ഈ കയറ്റിറക്കങ്ങൾ ബോധ്യപ്പെട്ടവർ പക്വത നേടും. വിജയം ഏതിലാണ് ഉള്ളതെന്ന് നോക്കിയാൽ, വലിയ തിര എപ്പോൾ വരും എന്നത് കണ്ടറിയുന്നതിലാണ് ഉള്ളത്. വലിയ സ്വപ്നങ്ങൾ കാണണം, കഠിനാധ്വാനം ചെയ്യണം.

നിങ്ങൾക്ക് ശീലമില്ല

ഇന്റർവ്യൂവിന് എത്തിയതായിരുന്നു ഒരു യുവാവ്. അന്ന് അവനോട് മത്സരിച്ച എല്ലാവരേയുംകാൾ അവന് അനുഭവം അധികമുണ്ട്. മറ്റുള്ളവരേക്കാൾ കൂടുതൽ വിദ്യാഭ്യാസവും ഉണ്ട്. അതിനാൽ തനിക്കു തന്നെ ജോലി ലഭിക്കും എന്ന് വിശ്വസിച്ചു. പക്ഷേ അവനേക്കാൾ വിദ്യാഭ്യാസവും അനുഭവവും കുറഞ്ഞ മറ്റൊരാൾക്കാണ് ജോലി ലഭിച്ചത്.

'എനിക്ക് ജോലി ലഭിക്കാത്തത് നിരാശ തന്നെയാണ്. എന്നിരുന്നാലും ഒരു കാര്യം അറിയാൻ ആഗ്രഹമുണ്ട്. എന്തു കൊണ്ട് എന്നെ നിരാകരിച്ചു?' എന്ന് അവൻ ചോദിച്ചു. സ്ഥാപനത്തിന്റെ മാനേജർ അവനെ ഇരിക്കാൻ പറഞ്ഞ് വിശദീകരിച്ചു. 'നിങ്ങൾ കഴിവുറ്റ വ്യക്തിയാണെന്നതിൽ ഞങ്ങൾക്ക് സംശയമില്ല. നിങ്ങളുടെ പക്കൽ അനുഭവം ഉണ്ട്. ഒരു വലിയ സ്ഥാപനത്തിൽ പ്രശ്നങ്ങൾ നേരിടാത്ത വിധം ജോലി ചെയ്തിട്ടുണ്ട്. ഇത് ഒരു ചെറിയ സ്ഥാപനമാണ്. പ്രതിസന്ധികൾ നേരിട്ട്, പരാജയങ്ങളിൽ തളരാതെ ഉയിർത്തെഴുന്നേറ്റ്, പ്രശ്നങ്ങൾക്ക് പ്രായോഗികമായി ചിന്തിച്ച് പരിഹാരം തേടി ജോലി ചെയ്ത അനുഭവവും ആവശ്യമാണെന്ന് കരുതുന്നു. അതിനാലാണ് നിങ്ങളെ തെരഞ്ഞെടുക്കാത്തത്' എന്ന് പറഞ്ഞു മാനേജർ.

മുഖം മൂടി വേണ്ട

ഭൂരിഭാഗം മനുഷ്യരിലും നല്ല ഗുണങ്ങളും കെട്ട ഗുണങ്ങളും കലർന്നിരിക്കും. പലരും ആ ഇരുണ്ട ഭാഗം മറയ്ക്കാനായി മുഖം മൂടി അണിയും. പരിചയമില്ലാത്ത മനുഷ്യർ ആ മുഖം മൂടി കണ്ട് അത്ഭുതപ്പെടും. അടുത്തിടപഴകുമ്പോഴായിരിക്കും സത്യാവസ്ഥ ബോധ്യമാകുന്നത്. ഓരോ മുഖം മൂടിക്ക് പിന്നിലും ഒരു കഥയുണ്ട്. അത് മോശമായ കഥയായിരിക്കാനാണ് സാധ്യത ഏറെയും. ചിലരുടെ ജീവിതത്തിൽ ആ മുഖം മൂടി അഴിഞ്ഞു വീഴും. ചിലർ അത് അഴിക്കാൻ കഴിയാതെ ബുദ്ധിമുട്ടും.

തന്നോടും മനസ്സാക്ഷിയോടും സത്യസന്ധത പാലിക്കുന്നതാണ് ഉന്നതമായ സദ്ഗുണം. അങ്ങനെ ആയിരിക്കുന്നവർ, തങ്ങളുടെ മനസ്സ് പറയുന്നത് കേട്ട് ആയിരിക്കും എന്തും ചെയ്യുന്നത്. അവർക്ക് ഉന്നതമായ കാര്യങ്ങളെല്ലാം കൈവരും.

ലക്ഷ്യം എന്ത്?

ഓപ്പറേഷൻ തിയേറ്ററിൽ ടേബിളിൽ കിടത്തിയിരിക്കുന്ന ഒരു രോഗിയുടെ വയർ തുറന്ന് ശസ്ത്രക്രിയ ചെയ്യുന്നു ഒരു ഡോക്ടർ. അദ്ദേഹം കഴിവുറ്റ ഡോക്ടറാണ്. ഇതേ ശസ്ത്രക്രിയ നൂറു കണക്കിന് ചെയ്ത് അനുഭവം ആർജിച്ച വ്യക്തി. പക്ഷേ ആ രോഗിയുടെ ആരോഗ്യസ്ഥിതി മോശമായിരുന്നതിനാൽ, ശസ്ത്രക്രിയ ഫലിക്കാതെ അദ്ദേഹം മരിച്ചു.



മറ്റൊരു രംഗം... തന്റെ വീട്ടിൽ കട്ടിലിൽ കിടക്കുകയാണ് ഒരാൾ. മോഷ്ടിക്കാനായി ആ വീട്ടിൽ കടന്ന ഒരു കള്ളൻ, തന്റെ കൈയിലിരുന്ന കത്തി കൊണ്ട് അയാളുടെ വയറിൽ കുത്തി. അങ്ങനെ അയാൾ മരണപ്പെട്ടു.

വെറും പ്രവൃത്തി മാത്രം നോക്കിയാൽ രണ്ടു പേരും ചെയ്തത് ഒന്നു തന്നെ. പക്ഷേ, ലക്ഷ്യം വ്യത്യസ്തമായിരുന്നു. മരണത്തിലേക്ക് അടുത്തു കൊണ്ടിരുന്ന ഒരാളെ രക്ഷിക്കാൻ ഡോക്ടർ ശ്രമിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തിയിൽ മനുഷ്യത്വവും ദയയും ഉണ്ടായിരുന്നു. എന്നാൽ കള്ളന്റെ ലക്ഷ്യം കാപട്യവും ദുരാഗ്രഹവും മാത്രമാണ്. അവന്റെ പ്രവർത്തിയിൽ സ്വാർത്ഥത മാത്രമാണ് ഉള്ളത്.

ഏത് പ്രവർത്തിയും അതിന്റെ ലക്ഷ്യവുമായി ചേർത്ത് കാണാൻ പഠിക്കാം. നമുക്ക് മനസംതൃപ്തിയും സമാധാനവും നൽകുന്ന പ്രവർത്തികൾ ചെയ്യാം.

ആരോഗ്യം കാക്കുന്ന സദ്ഗുണങ്ങൾ

'നമുക്ക് ഇതാണ് സൗകര്യം' എന്ന് ചിന്തിച്ചും, 'ഇങ്ങനെ ജീവിക്കുന്നതാണ് ആരോഗ്യകരം' എന്ന് കരുതിയും ദിവസവും ജീവിതത്തിൽ പല കാര്യങ്ങൾ നാം ചെയ്യുന്നു. എന്നാൽ, ഇവയെല്ലാം തന്നെ നമ്മുടെ ശരീരം നശിപ്പിക്കുന്ന അനാരോഗ്യകരമായ ശീലങ്ങളാണ്. ഇവ തീർച്ചയായും ഒഴിവാക്കണം.

• എട്ടു മണിക്കൂറും താണ്ടി അധ്വാനിക്കുന്ന ഇന്നത്തെ തൊഴിൽരീതിയിൽ മണിക്കൂറുകളോളം ഇരിക്കേണ്ടി വരുന്നത് കീഴ്‌വഴക്കം ആയിട്ടുണ്ട്. ഇങ്ങനെ ചലനമറ്റ് ഇരിക്കുന്നതിനാൽ ശരീരത്തിൽ കൊഴുപ്പും പഞ്ചസാരയും അധികരിക്കും. ഇത് പല ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. ഇടയ്ക്കിടെ എഴുന്നേറ്റ് നടക്കുന്നതും ഫോണിൽ സംസാരിക്കുമ്പോൾ നടക്കുന്നതും വെള്ളം കുടിക്കാൻ ഒരൽപ ദൂരം നടക്കുന്നതുമെല്ലാം ശരീരത്തിന് ചലനം നൽകും.

• ദീർഘനേരം കസേരയിൽ ഇരിക്കേണ്ടി വരുമ്പോൾ ധാരാളം പേർ കാലിന്മേൽ കാൽ കയറ്റിവയ്ക്കും. ഇത് കാൽവേദന കുറയ്ക്കും എന്ന് ചിലർ വിശ്വസിക്കുന്നു. ചിലർ ഇത് സ്റ്റൈൽ എന്നും കരുതാറുണ്ട്. പക്ഷേ, ഇങ്ങനെ ഇരിക്കുമ്പോൾ രക്തസമ്മർദ്ദം 10 ശതമാനം വർധിക്കും എന്ന് മെഡിക്കൽ ഗവേഷണം തെളിയിച്ചിട്ടുണ്ട്. അത് മാത്രമല്ല, ഇങ്ങനെ ഇരിക്കുമ്പോൾ ഇടുപ്പിൽ ഉള്ള സന്ധികൾക്ക് കൂടുതൽ ഭാരം വഹിക്കേണ്ടി വരും. കാലുകളിലേക്കുള്ള ഞരമ്പുകൾക്ക് മർദ്ദം അനുഭവപ്പെടുന്നതിനാൽ എവിടെയെങ്കിലും രക്തം കെട്ടിനിൽക്കുന്ന അപകടവും അധികമാകും. അതിനാൽ, രണ്ടു കാലുകളും സമമായി തറയിൽ വച്ച് നിവർന്നിരിക്കുന്നതാണ് ആരോഗ്യകരമായത്.

• ഇറുകിയ പാന്റ് ധരിക്കുന്നതും ഇപ്പോൾ ഫാഷൻ ആയി വരുന്നുണ്ട്. പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും ഇങ്ങനെ ധരിക്കാറുണ്ട്. ഇറുകിയ ലെഗിങ്സ് ധരിക്കുന്നതും പതിവായിട്ടുണ്ട്. ഇവ കാലുകളെ മാത്രമല്ല വയറിനെയും ഇറുക്കും. ഇതിനാൽ ദഹന പ്രശ്നം ഉണ്ടാകും. ഭക്ഷണം ദഹിപ്പിക്കാൻ വയറിൽ ഉൽപാദിപ്പിക്കുന്ന ദഹനരസം, അന്നനാളത്തിലൂടെ മുകളിൽ എത്തി അൾസർ ഉണ്ടാക്കും. ഭക്ഷണവും ശരിയായി ദഹിക്കില്ല. വയറും കാലുകളും ഇറുകാത്ത വസ്ത്രങ്ങൾ സ്റ്റൈൽ അല്ലാതിരിക്കാം; പക്ഷേ അവ ആരോഗ്യകരമായതാണ്.

• ദിവസവും രണ്ടു നേരം രണ്ട് മിനിട്ട് പല്ല്

തേയ്ക്കുന്നതാണ് ആരോഗ്യകരമായത്. പക്ഷേ, പല്ലുകൾ ഇറുക്കി തേയ്ക്കുന്നത് അപകടമാണ്. അത് പല്ലുകളിലെ മുകൾ ആവരണമായ ഇനാമൽ നശിപ്പിക്കും; ഒപ്പം മോണകൾക്കും കേടുപാടുകൾ ഉണ്ടാക്കും. നിങ്ങളുടെ ബ്രഷ് ഹാർഡ് ആണെങ്കിൽ, ഈ പ്രശ്നങ്ങൾ കൂടുതൽ അധികമാകും. ഏറെ മൃദുവായിരുന്നാൽ പല്ലുകൾ വൃത്തിയാകില്ല. അതിനാൽ കൂടുതൽ ദൃഢമോ ഏറെ മൃദുലമോ അല്ലാത്ത ബ്രഷ് ഉപയോഗിക്കണം. ഒരു പേന പിടിക്കുന്നതു പോലെ ബ്രഷ് വിരലുകൾ കൊണ്ട് പിടിച്ച് കണങ്കൈ മാത്രം ചലിപ്പിച്ച് പല്ലുകൾ ബ്രഷ് ചെയ്യണം. അതാണ് ആരോഗ്യകരം.

- ധാരാളം പേർ ഓഫീസിൽ ജോലി ചെയ്യുന്ന മേശയിൽ തന്നെ ഭക്ഷണവും കഴിക്കും. കുട്ടികൾ പഠിക്കുന്ന മേശയിൽ തീനിപ്പണ്ടങ്ങൾ വച്ച് കഴിക്കും. മണിക്കൂറുകളോളം ഇരുന്ന് ജോലി നോക്കുന്ന അല്ലെങ്കിൽ പഠിക്കുന്ന മേശയിൽ ധാരാളം ബാക്ടീരിയകൾ ഉണ്ടായിരിക്കും. 'ഇതു പോലുള്ള മേശകളിൽ ബാത്ത്റൂമിൽ ഉള്ള അതേ അളവിൽ ബാക്ടീരിയകൾ ഉണ്ടായിരിക്കും' എന്ന് ഒരു പഠനത്തിൽ തെളിഞ്ഞിട്ടുണ്ട്. ബാത്ത്റൂമിൽ വച്ച് നിങ്ങൾ എന്തെങ്കിലും കഴിക്കുമോ? അതിനാൽ ഇവിടെയും കഴിക്കരുത്.

- ചിലർക്ക് കോഫിയോ ചായയോ അടുപ്പിൽ നിന്നെടുത്ത അതേ ചൂടിൽ കുടിക്കണം. അൽപം ആറിയാൽ പോലും സഹിക്കില്ല. എന്നാൽ, ഇങ്ങനെ ചൂടോടെ കുടിക്കുന്നത് അപകടമാണ്. നമ്മുടെ അന്നനാളം ഈ ചൂട് താങ്ങില്ല. അന്നനാളത്തിന്റെ ആന്തര ആവരണത്തിലുള്ള കോശങ്ങളെ ഇത് നശിപ്പിക്കും. അങ്ങനെ, അന്നനാളത്തിൽ അർബുദം ഉണ്ടാകാനുള്ള അപകടവും ഉണ്ട്. ചൂടേറിയതോ തണുപ്പേറിയതോ ആയ ഒന്നും കഴിക്കരുത്.

- ചർമ്മം കറുത്തുപോകും എന്നു പറഞ്ഞ് ധാരാളം പേർ പുറത്തിറങ്ങുമ്പോൾ സൺസ്ക്രീൻ പുരട്ടാറുണ്ട്. നമ്മുടെ ചർമ്മത്തിൽ സൂര്യപ്രകാശം ഏൽക്കുമ്പോൾ, സ്വാഭാവികമായി നമ്മുടെ ശരീരത്തിന് വിറ്റാമിൻ ഡി ലഭിക്കും. സൺസ്ക്രീൻ പുരട്ടി പുറത്തിറങ്ങുന്നവർ ഇത് നഷ്ടപ്പെടുത്തുകയാണ്. ഇങ്ങനെ ചെറുപ്രായത്തിൽ തന്നെ അസ്ഥികൾക്ക് ബലക്കുറവ് അടക്കമുള്ള പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകും. കഠിനമായ വെയിലിൽ പോകുമ്പോൾ സൺസ്ക്രീൻ പുരട്ടാം; തെറ്റില്ല. പക്ഷേ, അതിരാവിലെയും വൈകുന്നേരവും അര മണിക്കൂർ എങ്കിലും വെയിൽ കൊള്ളുന്നത് ആരോഗ്യകരമായതാണ്.

- ഉറങ്ങുമ്പോൾ ധാരാളം പേർ കമിഴ്ന്ന് കിടക്കാറുണ്ട്. ഇങ്ങനെ തലയിണയിൽ മുഖം അമർത്തിക്കൊണ്ട് ഉറങ്ങിയാൽ, മുഖം വീങ്ങും; വളരെ പെട്ടെന്നു തന്നെ ചുളിവ് ഉണ്ടാകും. ഒരു വശം ചരിഞ്ഞോ അല്ലെങ്കിൽ മലർന്നോ കിടക്കുന്നതാണ് മുഖ സൗന്ദര്യം സംരക്ഷിക്കുന്നത്. കമിഴ്ന്ന് കിടക്കുന്ന ശീലം മാറ്റാൻ കഴിയാത്തവർ, തലയിണ സാറ്റിൻ തുണി കൊണ്ട് പൊതിഞ്ഞ് ഉറങ്ങിയാൽ, ഈ പ്രശ്നം കുറയ്ക്കാൻ കഴിയും.

- ദിവസവും മണിക്കൂറുകളോളം സെൽഫോണിൽ സംസാരിക്കുന്നത് പലരുടേയും പതിവായിട്ടുണ്ട്. ഇത് കാതുകൾക്ക് മാത്രമല്ല, മുഖത്തിനും കേട് ഉണ്ടാക്കും. പല സ്ത്രീകളും തങ്ങളുടെ ഹാൻഡ് ബാഗിൽ സെൽഫോൺ വയ്ക്കും. ആ ബാഗുകൾ വൃത്തിയാക്കിയിട്ട് ദിവസങ്ങൾ ആയിട്ടുണ്ടായിരിക്കും. എല്ലാ സ്ഥലങ്ങളിലും ഉള്ള ബാക്ടീരിയകൾ ഫോണിൽ കയറിക്കൂടും. ഇത് കവിളിൽ വച്ച് സംസാരിക്കുമ്പോൾ ആ ബാക്ടീരിയകൾ ചർമ്മ രോഗങ്ങൾ ഉണ്ടാക്കും. ഫോൺ വൃത്തിയുള്ള സ്ഥലത്ത് വയ്ക്കുന്നതും ഇടയ്ക്കിടെ തുടച്ച് ഉപയോഗിക്കുന്നതുമാണ് ആരോഗ്യകരമായ ശീലങ്ങൾ.

ടീൻ ഏജിൽ സദ്ഗുണങ്ങൾ ആർജിക്കണം

'ചേച്ചി കടയിൽ പോകുകയാണ്. അവൾക്ക് കൂട്ടു പോ' എന്ന് 19 വയസ്സുള്ള ചേച്ചിയോടൊപ്പം 15 വയസ്സുള്ള അനുജനെ പറഞ്ഞയച്ചു അമ്മ. ആദ്യം ഒന്നു മടിച്ചെങ്കിലും അവൻ കൂടെ പോയി.

ചേച്ചിസ്കൂട്ടർഓടിക്കുകയുംഅനുജൻപിന്നിൽ ഇരിക്കുകയും ചെയ്തു. രാത്രി എട്ടു മണിയോടെ വീട്ടിലേക്ക് മടങ്ങി. വലിയ തിരക്കില്ലാത്ത ഒരു റോഡിൽ വരുമ്പോൾ ഒരു ബൈക്കിൽ വന്ന മൂന്ന് യുവാക്കൾ സ്കൂട്ടറിൽ ഇടിക്കുന്നതു പോലെ അരികിലെത്തി. ചേച്ചിയെ നോക്കി മോശമായ ചില വാക്കുകൾ പറഞ്ഞ് അപ്രത്യക്ഷരായി.

അനുജൻ ഭയന്ന് വിറച്ചു. ചേച്ചിക്കു വേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത തന്റെ അവസ്ഥ ഓർത്ത് പരിതപിച്ചു. 'ചില പെറുക്കികൾ ഇങ്ങനെയാണ്' എന്ന് ചേച്ചി അത് സാധാരണമായി എടുത്തെങ്കിലും, അവന് അങ്ങനെ ചിന്തിക്കാൻ കഴിഞ്ഞില്ല. അവന്റെ മുഖം കണ്ട് അമ്മ കാര്യം തിരക്കി. അവൻ നടന്നത് വിശദീകരിച്ചു.

അമ്മ അവന്റെ തോളിൽ തൊട്ടു കൊണ്ട് പറഞ്ഞു: 'നിന്റെഈപ്രായത്തിൽചേച്ചിക്ക്സുരക്ഷ നൽകാൻ നിനക്കാകില്ല. പക്ഷേ, ഇന്ന് നടന്ന സംഭവം നിന്റെ ഓർമ്മയിൽ ഉണ്ടായിരിക്കണം. പെട്ടെന്നു തന്നെ നീ വളർന്ന് മുതിർന്നവനാകും. നിന്റെ സുഹൃത്തുക്കൾ നിർബന്ധിച്ചാൽ പോലും ഈ പിള്ളേരെപ്പോലെ ഒരു പെണ്ണിനോടും നീ പെരുമാറരുത്. അത് മനസ്സിലാക്കണം.'

അവൻ വളർന്ന ശേഷവും അത് മറന്നില്ല. പെൺകുട്ടികളെ കളിയാക്കിയ പല സുഹൃത്തുക്കളുമായുള്ള സൗഹൃദം ഉപേക്ഷിച്ച് സദ്ഗുണങ്ങളോടെ ജീവിച്ചു.

ഇത് രണ്ടാമത്തെ സംഭവം... വീട്ടിൽ രണ്ട് കുട്ടികൾ തമ്മിൽ വഴക്ക്. അമ്മ വന്ന് സമാധാനപ്പെടുത്തി കാര്യം തിരക്കി. 'ഫ്രിഡ്ജിൽ നിന്ന് ജ്യേഷ്ഠൻ ചോക്കലേറ്റ് എടുത്ത് കഴിച്ചു. ഞാൻ ചോദിച്ചപ്പോൾ, കള്ളം പറയുന്നു' എന്ന് പരാതി പറഞ്ഞു അനുജൻ. 'ഞാൻ എടുത്തതേ

ഇല്ല' എന്ന് വാദിച്ചു ജ്യേഷ്ഠൻ.

ആദ്യം അനുജന്റെ നേർക്ക് തിരഞ്ഞ അമ്മ, 'എടാ, അവൻ നിന്റെ ജ്യേഷ്ഠനാണ്. അവൻ എന്തു പറഞ്ഞാലും അത് വിശ്വസിക്കണം. സംശയിക്കരുത്. മനസ്സിലായോ?' എന്ന് പറഞ്ഞു. ചെറിയവൻ തല കുനിച്ച് 'ശരി' എന്ന് പറഞ്ഞു.

അവനോട്പോകാൻപറഞ്ഞശേഷംമൂത്തവനെ വിളിച്ചു അമ്മ. 'എടാ, നീ ചോക്കലേറ്റ് എടുത്തോ?' എന്നു ചോദിച്ചു. അവൻ 'അതെ' എന്ന് പറഞ്ഞു. 'ഇത് നോക്കൂ, നീ കഴിച്ചതിൽ തെറ്റില്ല. കള്ളം പറഞ്ഞതാണ് തെറ്റ്. അനുജനോട് എപ്പോഴും സത്യം മാത്രമേ പറയാവൂ' എന്ന് പറഞ്ഞു.

ആ സഹോദരങ്ങൾ വളർന്ന ശേഷവും അവർക്കിടയിലുള്ള സ്നേഹബന്ധം കുറഞ്ഞില്ല.

മൂന്നാമത്തെ സംഭവം... അത് ഭൂരിഭാഗവും ധനികരായ വിദ്യാർത്ഥികൾ പഠിക്കുന്ന കോളെജ്. ഒരു ചാരിറ്റബിൾ സംഘടനയുടെ സഹായത്തോടെ അവിടെ ചേർന്ന് പഠിക്കുകയാണ് മഹേഷ്, പഠിക്കുമ്പോൾ തന്നെ കോളെജ് ലൈബ്രറിയിൽ പാർട്ട് ടൈം ജോലിയും ചെയ്തു. ചില വിദ്യാർത്ഥികൾ അവനെ 'അറ്റൻഡർ' എന്ന് കളിയാക്കുകയും ചെയ്യാറുണ്ട്.

കോളെജ് പൂർത്തിയാക്കി ബിരുദദാന ചടങ്ങിനായി എല്ലാവരും കോളെജിൽ കൂടിയ ദിവസം മഹേഷ് ധാരാളം മധുരവുമായി എത്തി. തന്റെ ക്ലാസിലെ കൂട്ടുകാർക്ക് സന്തോഷത്തോടെ നൽകി. 'എന്താ അറ്റൻഡർ? ഇതിനേക്കാൾ വലിയ ലൈബറിയിൽ ജോലി ലഭിച്ചോ?' എന്ന് ഒരുവൻ കളിയാക്കിയപ്പോൾ, പലരും ചിരിച്ചു. 'അതല്ല, ഞാൻ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ ഓഫീസറായി ചേർന്നു' എന്ന് പറഞ്ഞു.

സുഹൃത്തുക്കൾ അമ്പരന്നു. മഹേഷിന് ഇത് എങ്ങനെ സാധ്യമായി? ഒരാൾ സംശയത്തോടെ ചോദിച്ചു. 'ലൈബ്രറിയിൽ ജോലി ചെയ്യുകയായിരുന്നല്ലോ ഞാൻ? അവിടെ വായിക്കാൻ ധാരാളം സമയവും ലഭിച്ചിരുന്നു. അങ്ങനെ ഞാൻ മത്സരപ്പരീക്ഷ എഴുതി' എന്ന് പറഞ്ഞു മഹേഷ്. അവന്റെ സദ്ഗുണം അവനുള്ള അവസരങ്ങൾ തേടി നൽകി.

നാലാമത്തെ സംഭവം... കിരണിനെ അവന്റെ രക്ഷിതാക്കൾവിഷമത്തോടെഒരുസന്ന്യാസിയുടെ അടുത്ത് എത്തിച്ചു. 'പഠനം പൂർത്തിയാക്കി ഈ

മൂന്നു വർഷങ്ങളിൽ അഞ്ച് ബിസിനസ് ആരംഭിച്ച് അവസാനിപ്പിച്ചു. ഒന്നിലും ഉറച്ചു നിൽക്കുന്നില്ല' എന്ന് ആവലാതി പറഞ്ഞു.

കിരണിനെ സന്ന്യാസി പൂന്തോട്ടത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. ഒരു മാങ്ങാണ്ടി കൊടുത്ത്, കുഴിയെടുത്ത് നടാൻ പറഞ്ഞു. രണ്ട് മണിക്കൂർ കഴിഞ്ഞിട്ടുണ്ടാകും. വീണ്ടും തോട്ടത്തിലേക്ക് അവനോടൊപ്പം പോയി സന്ന്യാസി. 'ശ്ശെ, ഈ മാങ്ങാണ്ടിവളർന്നതേ ഇല്ലല്ലോ. അത് കുഴിച്ചെടുത്ത് മറ്റൊരു സ്ഥലത്ത് നടൂ' എന്ന് പറഞ്ഞു.

'രണ്ട് മണിക്കൂറിൽ എങ്ങനെ ഒരു ചെടി വളരും?' എന്ന് ചോദിക്കാൻ തുനിഞ്ഞു കിരൺ. എന്നിരുന്നാലും വലിയ സന്ന്യാസി ആയതിനാൽ അദ്ദേഹത്തിന്റെ വാക്കുകൾ മതിച്ച്, ആ മാങ്ങാണ്ടി കുഴിച്ചെടുത്ത് മറ്റൊരു സ്ഥലത്ത് നട്ടു.

വൈകുന്നേരമായി. വീണ്ടും രണ്ടു പേരും തോട്ടത്തിൽ എത്തി. 'എന്താ ഇത്, ഈ മാങ്ങാണ്ടി ഇനിയും വളർന്നില്ലേ! അത് മറ്റൊരു സ്ഥലത്ത് നട്ടാലോ?' എന്ന് ചോദിച്ചു സന്ന്യാസി. കിരണിന് ദേഷ്യംവന്നു. 'എന്തിനാണ്തിടുക്കംകാണിക്കുന്നത്. ഒറ്റദിവസം കൊണ്ട് മാങ്ങാണ്ടി എങ്ങനെ വളർന്നു വലുതാകും?' എന്ന് ഉച്ചത്തിൽ ചോദിച്ചു.

'ഒരു ബിസിനസ് ആരംഭിച്ചാൽ അത് നന്നായി വളർത്തണം. അവസരങ്ങൾ കണ്ടെത്തണം. അതൊന്നും ചെയ്യാതെ അടുത്ത ബിസിനസിന് തിടുക്കം കാണിക്കുന്ന നീ എടുത്തുചാട്ടക്കാരനല്ലേ?' എന്ന് ചോദിച്ചു സന്ന്യാസി.

കിരണിന് തന്റെ തെറ്റ് ബോധ്യമായി, സന്ന്യാസിയെ തൊഴുത് മടങ്ങി.

സദ്ഗുണങ്ങൾ നേടാൻ ലളിതമായ മാർഗങ്ങൾ

● സുഹൃത്തുക്കൾ, ബന്ധുക്കൾ, ചുറ്റുപാട് എന്നിങ്ങനെ ഇടപഴകുന്ന എല്ലാ മനുഷ്യരോടും സത്യസന്ധത പാലിക്കണം. എല്ലാ ചുറ്റുപാടിലും ഒരേ പോലെ പെരുമാറണം.

● നല്ല പ്രവർത്തികളും നല്ല ഗുണങ്ങളും മറ്റുള്ളവരിൽ കണ്ടാൽ, മനസ്സ് തുറന്ന് അഭിനന്ദിക്കണം.

● രക്ഷിതാക്കളുമായും അടുത്ത ബന്ധുക്കളുമായും എപ്പോഴും സമ്പർക്കത്തിലായിരിക്കണം. അവരോട് ബഹുമാനത്തോടെ ഇടപഴകണം.

● എല്ലാവരോടും സ്നേഹവും കരുണയും കാണിക്കണം. എത്ര കണ്ട് അനുകമ്പയോടെ ഇടപഴകുന്നു എന്നതിന് അനുസൃതമായി നിങ്ങളുടെ മതിപ്പും മര്യാദയും വർധിക്കും.

● മഹാമനസ്കതയോടെ ഇടപഴകണം. പലർക്കും സാമ്പത്തിക സഹായം ചെയ്യുന്നത്ര നിങ്ങൾക്ക് സൗകര്യം ഉണ്ടാകാതിരിക്കാം. എങ്കിലും നിങ്ങളുടെ പ്രവർത്തികൾ കൊണ്ട് അവരെ സഹായിക്കാൻ കഴിയും.

●പൊതുസ്ഥലങ്ങളിൽഎങ്ങനെപെരുമാറുന്നു എന്നതുംസദ്ഗുണങ്ങളുടെഅംശമാണ്.ഏതോഒരു സ്ഥലത്ത് മഹാമനസ്കതയോടെ പെരുമാറിയ പരിചയമില്ലാത്ത മനുഷ്യരുടെ മുഖം നിങ്ങളുടെ ഓർമ്മയിൽ ഉണ്ടായിരിക്കില്ലേ, അത്തരത്തിൽ നിങ്ങളുടെ മുഖവും എല്ലാവരുടേയും ഓർമ്മയിൽ നിൽക്കും വിധം പെരുമാറണം.

● ഏത് ചുറ്റുപാടും മറ്റുള്ളവരുടെ കണ്ണിലൂടെ കാണണം. ഒരാൾ നിങ്ങളെ ദേഷ്യപ്പെടുത്തിയാലും ആ വ്യക്തിക്ക് എന്തു കൊണ്ട് ഇത്തരത്തിലുള്ള ഒരു ചുറ്റുപാട് ഉണ്ടായി എന്ന് കാണാൻ കഴിഞ്ഞാൽ നിങ്ങളും ബദലായി ദേഷ്യപ്പെടില്ല.

●'ഇത്എന്റെജോലിഅല്ല'എന്ന്ഒഴിവാക്കാതെ, 'എനിക്ക് സമയമില്ല' എന്ന് അകന്നു നിൽക്കാതെ, കൂടുതൽ പരിശ്രമിച്ച് ഒരു ജോലി പൂർത്തിയാക്കുന്ന ഗുണം നിങ്ങളെ ഉന്നതിയിലെത്തിക്കും.

● ഒരു ചുറ്റുപാട് ചിലരെ തളർത്തും. ഒരു പ്രശ്നം നിരാശയിലാഴ്ത്തും. ഒരു പരാജയം തകർത്തു കളയും. പക്ഷേ, എല്ലാ സന്ദർഭങ്ങളിലും അതിലുള്ള പോസിറ്റീവായ കാര്യം കാണാൻ പഠിക്കണം.

● ഒരു ദിവസം മികവോടെയും മറ്റൊരു ദിവസം ശരാശരിയായും ചെയ്യുന്നതു പോലുള്ള വ്യത്യാസങ്ങൾ നിങ്ങൾക്ക് ഉണ്ടായിരിക്കരുത്. എല്ലാ സമയത്തും നിങ്ങളുടെ പൂർണമായ കഴിവ് വെളിപ്പെടുത്തി എന്തും മികവോടെ ചെയ്യണം.

● പ്രതിസന്ധി ഘട്ടങ്ങളിൽ വെളിപ്പെടുത്തുന്ന മനസ്സുറപ്പാണ് നിങ്ങൾ ആരെന്ന് ലോകത്തിന് അടയാളം കാണിക്കുന്നത്. പ്രശ്നങ്ങളിൽ നിന്നും മനസ്സുറപ്പോടെ പുറത്തു കടക്കണം.

● സമൂഹം എന്ന ഘടന രൂപപ്പെട്ടതു തന്നെ നാം മറ്റുള്ളവരുമായി സഹകരിച്ച് അധ്വാനിക്കുന്നതിനാണ്. എന്നാൽ, ചില സമയങ്ങളിൽ ആർക്കു വേണ്ടിയും കാത്തിരിക്കാതെ, സ്വയം തീരുമാനിച്ച് പ്രവർത്തിക്കാൻ ശീലിക്കണം. എത്ര കണ്ട് മറ്റുള്ളവരെ ആശ്രയിക്കാതിരിക്കുമോ അത്ര കണ്ട് നിങ്ങളുടെ വിജയം അധികരിക്കും.

● ക്ഷമയും അർപ്പണബോധവും നിങ്ങൾക്ക് കരഗതമായിരിക്കണം. ഒരു ജോലിയിൽ ഇറങ്ങുമ്പോൾ ശ്രദ്ധ വ്യതിചലിക്കരുത്. അത് പഠിക്കുന്നതു വരെ അർപ്പണബോധത്തോടെ അധ്വാനിക്കണം. അതു പോലെ, 'ഇത് ചെയ്യാം' എന്ന് വാക്കു നൽകിയാൽ, അത് തീർച്ചയായും പാലിക്കണം. ●

Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 & Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL

ACTIVE FIT
VEST
RAMRAJ
VESTS
BRIEFS • TRUNKS
Inners for Winners!

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-07-2026.Posted at Tirupur BPC on 5th of every month.